7
2024
മേയ്
ചൊവ്വ
മേടം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.178 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-178 പേജ് 4. വില 2.00 രൂപ




02 മാസപ്പടിക്കേസ്; മാത്യു കുഴൽനാടന്റെ ഹർജി തള്ളി
03 ഊട്ടിയിലേക്കുള്ള ഇപാസ് വിതരണം ഇന്നുമുതൽ
04 മുണ്ടയ്ക്കലിൽ പുതിയ പാലം; 8.44 കോടി രൂപ അനുവദിച്ചു

# കള്ളക്കടൽ പ്രതിഭാസം; കടലാക്രമണം രൂക്ഷം



തിരുവനന്തപുരം: കള്ളക്കടൽ പ്രതിഭാസത്തെതുടർന്ന് തിരുവനന്തപുരത്തും കൊല്ലത്തും രൂക്ഷമായ കടലാക്രമണം. തിരുവനന്തപുരം അഞ്ചുതെങ്ങിന് സമീപമാണ് ശക്തമായ കടലാക്രമണം ഉണ്ടായത്. ഇന്നലെ രാത്രിയോടെയാണ് സംഭവം. കടലാക്രമണത്തെതുടർന്ന് മൂന്ന് വീടുകളിലുള്ളവരെ ഒഴിപ്പിച്ചു. ബന്ധുവീടുകളിലേക്കാണ് ഇവരെ മാറ്റിയത്. അതേസമയം, കള്ളക്കടൽ മുന്നറിയിപ്പിനെ തുടർന്ന് കേരളാ തീരത്ത് ഓറഞ്ച് അലർട്ട് നിലനിൽക്കുകയാണിപ്പോൾ.

കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ജില്ല ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ബോട്ട്, വള്ളം മുതലായ മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കും. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണം.

കേരളതീരത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലും ഇന്ന് രാത്രി 11.30 വരെ 0.5 മുതൽ 1.5 മീറ്റർ വരെയും തെക്കൻ തമിഴ് നാട് തീരത്തിന്റെ താഴ്ന്ന പ്രദേശങ്ങളിലും രാത്രി 11.30 വരെ 0.5 മുതൽ 1.8 മീറ്റർ വരെയും അതിതീവ്ര തിരമാലകൾ കാരണം ശക്തിയേറിയ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്.

## സംവിധായകൻ ഹരികുമാർ അന്തരിച്ചു



തിരുവനന്തപുരം: സിനിമാ സംവിധായകൻ ഹരികുമാർ(70) അന്തരിച്ചു. അർബുദത്തെ തുടർന്ന് ചികിത്സയിലിരിക്കെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

1981 ൽ പുറത്തിറങ്ങിയ ആമ്പൽ പൂവാണ് ആദ്യചിത്രം. സുകുമാരി, ജഗതി ശ്രീകുമാർ എന്നിവരായിരുന്നു ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങൾ. 1994ൽ എം. ടി. വാസുദേവൻ നായരുടെ തിരക്കഥയിൽ സംവിധാനം ചെയ്ത സുകൃതം പ്രേക്ഷകരുടെയും നിരൂപകരുടെയും പ്രശംസ നേടിയ ചിത്രമാണ്.

മമ്മൂട്ടി, ഗൗതമി എന്നിവർ പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിച്ച സുകൃതം ഏറ്റവും നല്ല മലയാള സിനിമയ്ക്കുള്ള ദേശീയ പുരസ്കാരം നേടിയിരുന്നു. ഉദ്യാനപാലകൻ, സ്വയംവരപ്പന്തൽ, എഴുന്നള്ളത്ത് ഉൾപ്പെടെ 18 സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്.

2022 ൽ എം. മുകുന്ദൻറെ തിരക്കഥയിൽ സുരാജ് വെഞ്ഞാറമൂട്, ആൻ അഗസ്റ്റിൻ എന്നിവർ പ്രധാനവേഷങ്ങൾ അവതരിപ്പിച്ച ഓട്ടോറിക്ഷക്കാരൻറെ ഭാര്യയാണ് അവസാന ചിത്രം. ദേശീയ ചലച്ചിത്രപുരസ്ക്കാര ജൂറിയിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

ഹരികുമാറിൻറെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. കലാമൂല്യവും വാണിജ്യ മൂല്യങ്ങളും അതിവിദഗ്ധമായി സമന്വയിപ്പിച്ച മലയാളത്തിലെ മധ്യവർത്തി സിനിമാപ്രസ്ഥാനത്തിൻറെ ശക്തരായ പ്രയോക്താക്കളിൽ ഒരാളായിരുന്നു ഹരികുമാറെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.

## സംവരണം 50 ശതമാനത്തിൽനിന്ന് ഉയർത്തും: രാഹുൽ ഗാന്ധി

ന്യൂഡൽഹി: ദളിത്, പിന്നാക്ക ഗോത്ര വിഭാഗങ്ങൾക്ക് അവസരങ്ങൾ വർധിപ്പിക്കാനായി സംവരണത്തിൻറെ 50 ശതമാനമെന്ന പരിധി ഉയർത്തുമെന്നും ഇന്ത്യൻ ഭരണഘടനയെ സംരക്ഷിക്കാനുള്ള പോരാട്ടമാണ് ലോക്സഭാ തെരഞ്ഞെടുപ്പെന്നും രാഹുൽ ഗാന്ധി. മധ്യപ്രദേശിലെ രത്!ലമിൽ തെരഞ്ഞെടുപ്പ് റാലിൽ പ്രസംഗിക്കുകയായിരുന്നു രാഹുൽ. ബിജെപിയും ആർഎസ്എസും ഭരണഘടന ഇല്ലാതാക്കാനാണ് ആഗ്രഹിക്കുന്നത്. ഭരണഘടന സംരക്ഷിക്കാനാണ് കോൺഗ്രസും ഇന്ത്യ മുന്നണിയും ശ്രമിക്കുന്നതെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

ബിജെപിക്ക് 400 പോയിട്ട് 150 സീറ്റു പോലും ലഭിക്കാൻ പോകുന്നില്ല. സംവരണം അവസാനിപ്പിക്കുമെന്നാണ് ബിജെപി പറയുന്നത്.

ഞങ്ങൾ വിജയിക്കുകയാണെങ്കിൽ സംവരണം 50 ശതമാനത്തിൽ അധികമായി ഉയർത്തുമെന്നും പാവപ്പെട്ടവർക്കും പിന്നാക്കക്കാർക്കും ദളിതുകൾക്കും ആദിവാസികൾക്കും ആവശ്യമായ സംവരണം നൽകുമെന്നും രാഹുൽ വ്യക്തമാക്കി.

## പ്രജ്വൽ രേവണ്ണക്കേസ്; ദേവഗൗഡയുടെയും കുമാരസ്വാമിയുടെയും പേര് ഉപയോഗിക്കരുതെന്ന് കോടതി

ബംഗളൂരു: പീഡനക്കേസിൽ ഒളിവിൽ കഴിയുന്ന പ്രജ്വൽ രേവണ്ണയുമായി ബന്ധപ്പെട്ടുള്ള വാർത്തകളിൽ തങ്ങളുടെ പേരുകൾ ഉപയോഗിക്കുന്നത് കോടതി വിലക്കിയെന്ന് എച്ച്. ഡി. ദേവഗൗഡ.

കേസിൽ തൻറെയോ മകൻ കുമാരസ്വാമിയുടെയോ പേര് പരാമർശിക്കരുതെന്ന നിരോധന ഉത്തരവ് കോടതിയിൽ നിന്ന് വാങ്ങിയെടുത്തെന്ന് ജെഡിഎസ് അധ്യക്ഷൻ പറഞ്ഞു. എന്ത് ആരോപണം ഉന്നയിച്ചാലും തെളിവുകൾ ഹാജരാക്കണമെന്ന് ബംഗളൂരു സെഷൻസ് കോടതി ഉത്തരവിട്ടു. ഗൂഗിൾ, മെറ്റ, എക്സ് അടക്കമുള്ള സമൂഹമാധ്യമങ്ങൾ, മറ്റ് 86 മാധ്യമസ്ഥാപനങ്ങൾ എന്നിവയ്ക്ക് എതിരെയാണ് ദേവഗൗഡയും കുമാരസ്വാമിയും നിരോധന ഉത്തരവ് വാങ്ങിയെടുത്തിരിക്കുന്നത്.

## ആര്യാ രാജേന്ദ്രനും സച്ചിൻദേവും അടക്കം അഞ്ചുപേർക്കെതിരേ ജാമ്യമില്ലാ കേസ്



തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി ഡ്രൈവറുമായുള്ള തർക്കത്തിൽ മേയർ ആര്യാ രാജേന്ദ്രനും സച്ചിൻദേവ് എം.എൽ.എയ്ക്കുമെതിരേ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തു. കെ.എസ്.ആർ.ടി.സി ഡ്രൈവർ യദുവിന്റെ ഹർജിയിൽ കോടതി നിർദേശപ്രകാരമാണ് കേസെടുത്തത്. മേയർ അടക്കം അഞ്ച് പേർക്കെതിരേയാണ് കൻറോൺമെൻറ് പോലീസ് കേസെടുത്തത്.

തിങ്കളാഴ്ച യദുവിന്റെ ഹർജി പരിഗണിച്ച തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് കേസെടുക്കാൻ കന്റോൺമെന്റ് പോലീസിന് നിർദേശം നൽകിയത്. ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തി, അനധികൃതമായി തടങ്കലിൽ വെച്ചു തുടങ്ങിയ ആരോപണങ്ങളാണ് ഡ്രൈവർ ഹർജിയിൽ ഉന്നയിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കോടതി നിർദേശപ്രകാരം ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുത്തിരിക്കുന്നത്.

നേരത്തേ ഗതാഗതം തടസ്സപ്പെടുത്തിയതിന് അഭിഭാഷകന്റെ ഹർജിയിൽ ജാമ്യംലഭിക്കുന്ന വകുപ്പ് ചുമത്തി മേയറും എംഎൽഎയും അടക്കമുള്ളവർക്കെതിരേ കേസെടുത്തിരുന്നു. അഭിഭാഷകൻ ബൈജു നോയൽ സമർപ്പിച്ച ഹർജിയിൽ കോടതിനിർദേശപ്രകാരം കന്റോൺമെന്റ് പോലീസാണ് കേസെടുത്തത്. ബൈജുവിന്റെ മൊഴി കന്റോൺമെന്റ് പോലീസ് രേഖപ്പെടുത്തും. കൂടുതൽ സാക്ഷികളെ കണ്ടെത്തി മൊഴിയെടുക്കാനും പോലീസ് ശ്രമം തുടങ്ങി. സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ച് സംഭവസ്ഥലത്തുണ്ടായിരുന്നവരെ കണ്ടെത്തിയും സാക്ഷിമൊഴി രേഖപ്പെടുത്തും.


അതേസമയം, മേയർ ആര്യാ രാജേന്ദ്രനുമായി തർക്കമുണ്ടായ ദിവസം കെ.എസ്.ആർ.ടി.സി. ഡ്രൈവർ യദു ഡ്രൈവിങ്ങിനിടയിൽ ഒരുമണിക്കൂറോളം മൊബൈലിൽ സംസാരിച്ചതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂരിൽനിന്ന് സംഭവംനടന്ന പാളയത്ത് എത്തുന്നതുവരെ യദു പലപ്പോഴായി ഒരു മണിക്കൂറോളം ഫോൺ ഉപയോഗിച്ചിട്ടുണ്ടെന്നാണ് പോലീസ് വ്യക്തമാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ് കെ.എസ്.ആർ.ടി.സി.ക്ക് റിപ്പോർട്ട് നൽകി.

## എസ്എസ്എൽസി ഫലം മേയ് എട്ടിന്; ഹയർസെക്കൻഡറി ഒമ്പതിന്

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷാഫലം മേയ് എട്ടിന് പ്രഖ്യാപിക്കും. വൈകുന്നേരം മൂന്നിനാണ് ഫലം പുറത്തുവിടുക. ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷാ ഫലങ്ങൾ മേയ് ഒമ്പതിന് പ്രസിദ്ധീകരിക്കും. കഴിഞ്ഞ വർഷം മേയ് 19നായിരുന്നു എസ്എസ്എൽസി ഫലപ്രഖ്യാപനം നടന്നത്. പതിനൊന്നു ദിവസം നേരത്തെയാണ് ഇത്തവണ ഫലം പ്രഖ്യാപിക്കുന്നത്.

ഏപ്രിൽ മൂന്നു മുതൽ 20 വരെയാണ് എസ്എസ്എൽസി മൂല്യനിർണയം നടന്നത്. 70 ക്യാമ്പുകളിലായി 10, 500 അധ്യാപകർ പങ്കെടുത്ത് റിക്കാർഡ് വേഗത്തിലാണ് മൂല്യനിർണയം പൂർത്തിയാക്കിയത്. മൂല്യനിർണയത്തിൻറെ ടാബുലേഷനും ഗ്രേസ് മാർക്കും അടക്കമുള്ള നടപടികൾ പൂർത്തിയാക്കിയതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ഈമാസം 24 വരെ ഹയർ സെക്കൻഡറി മൂല്യനിർണയവും നടന്നു. പരീക്ഷാ നടപടികൾ പരാതിരഹിതമായി നടത്താൻ കഴിഞ്ഞെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

## നടി കനകലത അന്തരിച്ചു



തിരുവനന്തപുരം: മലയാള സിനിമാ സീരിയൽ താരം കനകലത അന്തരിച്ചു. തിരുവനന്തപുരത്തെ വീട്ടിലായിരുന്നു അന്ത്യം. മറവിരോഗവും പാർക്കിൻസൺസും ബാധിച്ച് ചികിത്സയിലായിരുന്നു. 350ലധികം ചിത്രങ്ങളിലും അമ്പതിലധികം സീരിയലുകളിലും കനകലത അഭിനയിച്ചിട്ടുണ്ട്.

ചില്ല്, കരിയിലക്കാറ്റുപോലെ, രാജാവിന്റെ മകൻ, ജാഗ്രത, കിരീടം, എന്റെ സൂര്യപുത്രിക്ക്, കൗരവർ, അമ്മയാണെ സത്യം, ആദ്യത്തെ കൺമണി, തച്ചോളി വർഗീസ് ചേകവർ, സ്ഫടികം, അനിയത്തിപ്രാവ്, ഹരികൃഷ്ണൻസ്, മാട്ടുപ്പെട്ടി മച്ചാൻ, പ്രിയം, പഞ്ചവർണതത്ത, ആകാശഗംഗ 2 തുടങ്ങി മലയാളത്തിലും തമിഴിലുമായി 350ലധികം ചിത്രങ്ങളിൽ കനകലത അഭിനയിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ ഓച്ചിറയിൽ പരമേശ്വരൻ പിള്ളയുടേയും ചിന്നമ്മയുടേയും മകളായി 1960ൽ ഓഗസ്റ്റ് 24ന് ജനനം. കൊല്ലം സർക്കാർ ഗേൾസ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. 1980ൽ ഉണർത്തുപാട്ട് എന്ന സിനിമയിൽ അഭിനയിച്ചു. ആദ്യ ചിത്രം റിലീസായില്ല.

ചെറുപ്പത്തിൽത്തന്നെ കലാരംഗത്ത് കനകലത സജീവമായിരുന്നു. നാടകങ്ങളിലൂടെയാണ് അഭിനയ രംഗത്തെത്തുന്നത്. പിന്നീട് ചില്ല് എന്ന സിനിമയിലൂടെ ബിഗ്സ്ക്രീനിലെത്തി. അഭിനയം തന്നെയാണ് തന്റെ ജീവിതമാർഗം എന്നുറപ്പിച്ച അവർ നിരവധി സീരിയലുകളിലും വേഷമിട്ടു. ആരോഗ്യപ്രശ്നങ്ങൾ കാരണം സിനിമയിൽനിന്ന് ഇടവേളയെടുത്തിരിക്കുകയായിരുന്നു.

## ഐഎഎസ്സി ഐസിഎസ്ഇ പരീക്ഷാഫലം പ്രഖ്യാപിച്ചു: പത്താംക്ലാസിൽ 99.47ശതമാനം വിജയം

ന്യൂഡൽഹി: ഐഎസ്സി ഐസിഎസ്ഇ സിലബസ് പ്രകാരമുള്ള 10, 12 ക്ലാസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. രാജ്യത്താകെ 10ാം ക്ലാസ്പ രീക്ഷയെഴുതിയവരിൽ 99.47 ശതമാനം വിദ്യാർഥികളും വിജയിച്ചു. 12ാംക്ലാസിൽ 98.19ശതമാനം ആണ് വിജയം.

കേരളം അടങ്ങുന്ന തെക്കൻ മേഖലയിൽ പരീക്ഷയെഴുതിയവരിൽ 99.95 ശതമാനം പേരും 12ാം ക്ലാസിൽ വിജയിച്ചു. കേരളത്തിൽ 10ാം ക്ലാസിൽ 99.99 ശതമാനം വിദ്യാർഥികളും പന്ത്രണ്ടാം ക്ലാസിൽ 99.93 ശതമാനം വിദ്യാർഥികളും വിജയിച്ചു.

ഐസിഎസ്ഇയിൽ 99.65 വിജയശതമാനം പെൺകുട്ടികളും 99.31 ശതമാനം ആൺകുട്ടികളുമാണ് വിജയിച്ചത്. ഐഎസ്സിയിൽ പെൺകുട്ടികളുടെ വിജയം 98.92ശതമാനവും ആൺകുട്ടികളുടേത്

97.53ശതമാനവുമാണ്.

www. cisce. org, results. cisce. org എന്നീ വെബ്സൈറ്റുകളിൽ ഫലം അറിയാനാവും.



## എസ് യു ടി പട്ടം ആശുപത്രിയിൽ ജനിതക പരിശോധനാ സേവനങ്ങൾ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പ്രതിരോധ ആരോഗ്യ സംരക്ഷണം എന്ന ലക്ഷ്യത്തോടെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്കായി പുതിയ ജനിതക പരിശോധനയും വെൽനസ്സ് സ്ക്രീനിംഗ് സേവനത്തിനും തുടക്കം കുറിച്ചു. ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളിയും 'ഒമൈജീൻ' (ഒഎംജി) മാനേജിംഗ് ഡയറക്ടർ രാജേഷ് എസ് എന്നിവർ ചേർന്ന് ഭദ്ര ദീപം തെളിയിച്ച് ചടങ്ങ് ഉദ്ഘാടനം ചെയ്തു. വെൽനസ്സ് പ്ലാനുകൾക്കൊപ്പം രോഗികൾക്ക് സമഗ്രമായ ജനിതക പരിശോധനയും കൗൺസിലിംഗ് സേവനവും ആശുപത്രിയിൽ ലഭ്യമാണ്. കാൻസർ, ഹൃദ്രോഗം, അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ വിവിധ പാരമ്പര്യരോഗങ്ങൾ വരാനുള്ളവർക്ക് ഭാവി അപകടസാധ്യത വിലയിരുത്താനും അനുയോജ്യമായ വൈദ്യ സഹായം (മരുന്ന്, ജീവിതശൈലി മാറ്റങ്ങൾ അല്ലെങ്കിൽ പോഷകാഹാര ക്രമീകരണം എന്നിവ) സ്വീകരിക്കാനും ജനിതക പരിശോധനകൾ സഹായിക്കും. . ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, ഡോ. ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), ആര്യ ഭാസ്കരൻ (ബിസിനസ് ഹെഡ്, ഒഎംജി) എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ വകുപ്പുകളുടെ മാനേജർമാരും മറ്റ് ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

# നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം : ബ്ലോക്ക്തല ക്വിസ് മത്സരം ചൊവ്വാഴ്ച

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ജൈവവൈവിധ്യ പഠനോത്സവ ക്വിസിന്റെ ബ്ലോക്ക്, കോർപ്പറേഷൻതല മത്സരം ചൊവ്വാഴ്ച (മെയ് 7) 160 കേന്ദ്രങ്ങളിലായി നടക്കും. ഇടുക്കി അടിമാലിയിൽ യു.എൻ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്മ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് ക്വിസ് മത്സരവും പഠനോത്സവവും സംഘടിപ്പിക്കുന്നത്. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചാണ് ക്വിസ് മത്സരം. ഓൺലൈനായി രജിസ്റ്റർ ചെയ്ത 9000 ത്തിലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കും. ഇവിടെ നിന്നു വിജയിക്കുന്നവരെ പങ്കെടുപ്പിച്ച് നടക്കുന്ന ജില്ലാതല ക്വിസ് മത്സരം ഈ മാസം പത്തിന് ജില്ലാകേന്ദ്രങ്ങളിൽ നടക്കും. ഇതിൽ വിജയിക്കുന്ന 60 പേരെ പങ്കെടുപ്പിച്ചാണ് മേയ് 20 മുതൽ മൂന്നു ദിവസം അടിമാലിയിലും മൂന്നാറിലുമായി ജൈവവൈവിധ്യ പഠനോത്സവം സംഘടിപ്പിക്കുന്നത്.

ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികളിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി. അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്തുകളും അതിലെ ജൈവവൈവിധ്യവും പഠനോത്സവ ക്യാമ്പിന്റെ പ്രധാന ഘടകമായിരിക്കും. വിനോദവും വിജ്ഞാനവും കോർത്തിണക്കി ശില്പശാലകൾ, കുട്ടികളുടെ പഠനങ്ങൾ, ഫീൽഡ് പ്രവർത്തനങ്ങൾ, പാട്ടുകൾ, കളികൾ, നൈപുണ്യ വികസനം എന്നിവ ഉൾപ്പെടുത്തിയാണ് പഠന ക്യാമ്പ് സംഘടിപ്പിക്കുന്നതെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ അറിയിച്ചു.

# മതരാഷ്ട്രവാദ ഭീഷണിയെ ചെറുക്കാൻ തൊഴിലാളി ശക്തികൾക്കു മാത്രമേ സാധ്യമാകൂ: എം. എം. ഹസൻ

നേമം: തെരഞ്ഞെടുപ്പു ഫലം തിരിച്ചടിയാകുമെന്നു കണ്ട് ആർഎസ്എസ് സംഘപരിവാർ ശക്തികളും പ്രധാനമന്ത്രിയുൾപ്പടെയുള്ളവരും നടത്തുന്ന മതരാഷ്ട്രവാദ ഭീഷണിയെ തടഞ്ഞു നിർത്താനും ഭരണകൂട ഫാസിസത്തെയും ഏകാധിപത്യ പ്രവണതകളെയും ചെറുത്തു തോല്പിക്കാനും തൊഴിലാളി ശക്തിക്കെ സാധ്യമാകുകയുള്ളൂവെന്ന് കെപിസിസി ആക്ടിംഗ് പ്രസിഡൻറ് എം. എം. ഹസ്സൻ പറഞ്ഞു. മേയ്ദിന മുദ്രാവാക്യങ്ങളെ അപ്രസക്തമാക്കുന്ന നീക്കങ്ങൾക്ക് കോർപ്പറേറ്റുകളും കേന്ദ്ര സംസ്ഥാന സർക്കാരുകളും കൈകോർക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെഎസ്ആർടി ഡ്രൈവറോട് മേയറും എംഎൽഎയും നടത്തിയ ആക്രമണ ഭീഷണിയേയും നിസാരവൽക്കരിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. ഐഎൻടിയുസി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച മേയ്ദിന റാലി തിരുവനന്തപുരം പ്രസ് ക്ലബ്ബിനു മുന്നിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരിന്നു അദ്ദേഹം.

ഐഎൻടിയുസി ജില്ലാ പ്രസിഡൻറ് വി. ആർ. പ്രതാപൻ അധ!്യക്ഷത വഹിച്ചു. റാലി പ്രസ് ക്ലബ്ബിനു സമീപത്തു നിന്നാരംഭിച്ച് ജിപിഒ ജംഗ്ഷൻ ചുറ്റി സ്റ്റാച്യൂ വഴി എജീസ് ഓഫീസിനും സെക്രട്ടേറിയേറ്റിനും സമീപം സമാപിച്ചു.

ചെറിയാൻ ഫിലിപ്പ്, അഡ്വ. ജി. സുബോധൻ, തമ്പി കണ്ണാടൻ, ജെ. സതികുമാരി, ആൻറണി ആൽബർട്ട്, പത്താങ്കല്ല് സുഭാഷ്, മലയം ശ്രീകണ്ഠൻ, അഡ്വ. ജലിൻ രാജ്, വള്ളക്കടവ് ഷെമീർ, അരുവിയോട് സുരേന്ദ്രൻ, പള്ളിക്കൽ നിസാർ, പി. ജി. സുരേന്ദ്രൻ, എം. എസ്. താജുദ്ദീൻ, പ്രഭ കുമാരി തുടങ്ങിയവർ പ്രസംഗിച്ചു.

# സ്വകാര്യ സ്വർണ പണയ സ്ഥാപനത്തിൽ മോഷണം: മാനേജർ പിടിയിൽ

കഴക്കൂട്ടം: കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന സ്വകാര!്യ സ്വർണ പണയ സ്ഥാപനത്തിൽ നിന്നും സ്വർണാഭരണങ്ങൾ മോഷ്ടിച്ച കേസിൽ മാനേജർ പിടിയിൽ.

നാലോളം പേർ പണയം വെച്ചിരുന്ന 121.16 ഗ്രാം സ്വർണാഭരണങ്ങളാണ് പ്രതി മോഷ്ടിച്ചത്. സംഭവത്തിൽ കഴക്കൂട്ടം മേനംകുളം സ്വദേശി ബിബിൻ ബിനോയെ പോലീസ് അറസ്റ്റ് ചെയ്തു.

സ്ഥാപനത്തിൻറെ സെയ്ഫ് റൂമിൽ നിന്നുമായിരുന്നും സ്വർണം മോഷണം പോയത്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# ലൈംഗികാതിക്രമം: തമിഴ്നാട് സ്വദേശി പിടിയിൽ

തിരുവനന്തപുരം: മൂന്നര വയസുകാരനു നേർക്കു ക്രൂരമായ ലൈംഗീകാതിക്രമം നടത്തിയ സംഭവത്തിൽ കുട്ടിയുടെ പിതാവിൻറെ സുഹൃത്തായ തമിഴ്നാട് സ്വദേശിയെ പോലീസ് അറസ്റ്റ് ചെയ്തു. പൂജപ്പുരയിൽ മൂന്നരവയസുകാരനു നേർക്കുണ്ടായ ക്രൂര ലൈംഗിക പീഡനവുമായി ബന്ധപ്പെട്ടു തമിഴ്നാട് സ്വദേശിയായ മാരിക്കനിയെ പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തു.

കുട്ടിയുടെ വീടുമായുള്ള അടുപ്പം മുതലാക്കിയാണ് പ്രതി കുട്ടിയെ ബൈക്കിൽ കൂട്ടികൊണ്ടുപോയത്. ഇതിനു ശേഷമാണ് കുട്ടിയെ പീഡിപ്പിച്ചത്. സാരമായി പരിക്കേറ്റ കുട്ടിയെ തിരുവനന്തപുരത്തു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മാതാപിതാക്കൾ നൽകിയ പരാതിയിലാണ് പൂജപ്പുര പോലീസ് മാരിക്കനിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ മാരിക്കനിയെ റിമാൻഡ് ചെയ്തു.

# മാസപ്പടിക്കേസ്; മാത്യു കുഴൽനാടന്റെ ഹർജി തള്ളി

തിരുവനന്തപുരം: മാസപ്പടി കേസിൽ അന്വേഷണം ആവശ്യപ്പെട്ട് മാത്യു കുഴൽനാടൻ എംഎൽഎ സമർപ്പിച്ച ഹർജി തള്ളിയ കോടതി വിധിയുടെ വിശദാംശങ്ങൾ പുറത്ത്. ആരോപണം തെളിയിക്കാൻ കഴിയുന്ന കൃത്യമായ ഒരു കടലാസ് പോലും ഹാജരാക്കാൻ കുഴൽനാടനായില്ലെന്ന് കോടതി പറഞ്ഞു.

സിഎംആ!ർഎല്ലിൻറെ രേഖകളിൽ രാഷ്ട്രീയ നേതാക്കളടക്കം നിരവധി പേർക്ക് സംഭാവന നൽകിയതായി പറയുന്നു. മുഖ്യമന്ത്രിക്കെതിരെ അന്വേഷണം വേണമെന്നാണ് ഹർജിക്കാരൻറെ ആവശ്യം. ഇത് രാഷ്ട്രീയപ്രേരിതമല്ലേയെന്നും കോടതി ചോദിച്ചു. ആരോപണങ്ങൾ തെളിയിക്കാനുള്ള രേഖകൾ ഹാജരാക്കാൻ മാത്യു കുഴൽനാടന് കഴിഞ്ഞില്ലെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി വിധിയിൽ ചൂണ്ടിക്കാട്ടുന്നു.

സിഎംആർഎല്ലിന് ധാതുമണൽ ഖനനത്തിന് വഴിവിട്ട സഹായം നൽകിയതിന് പ്രതിഫലമായി മുഖ്യമന്ത്രിയുടെ മകൾക്ക് മാസപ്പടി നൽകിയെന്നായിരുന്നു കുഴൽനാടൻറെ ആരോപണം.

അഴിമതി നിരോധന നിയമപ്രകാരം തെളിവുകളില്ലാത്തതിനാലാണ് ഹർജി തള്ളിയതെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കുന്നു.

# യുകെയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്; കർണാടക സ്വദേശി പിടിയിൽ

കാട്ടാക്കട: യുകെയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ കേസിൽ കർണാടക സ്വദേശി പിടിയിൽ. ദക്ഷിണ കന്നട സ്വദേശി നിതിൻ പി. ജോയിയാണ് കാട്ടാക്കട പോലീസിൻറെ പിടിയിലായത്.

ചൂണ്ടുപലക സ്വദേശിയായ വനിത തൻറെ മകൾക്ക് വേണ്ടി യുകെയിൽ ജോലി അന്യേഷിക്കുന്നതിനിടെയാണ് ഗ്ലോബൽ സെൻറർ എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നതായി അറിയുന്നതും അതിൻറെ മേധാവി എന്ന നിലയിൽ നിതിൻ എത്തുന്നതും.

നിതിൻ വാഗ്ദാനങ്ങൾ നൽകുകയും പല ഘട്ടങ്ങളിലായി 10 ലക്ഷം രൂപ വാങ്ങിയതായും പറയപ്പെടുന്നു. പണം വാങ്ങിയ ശേഷം വിവിധ കാരണങ്ങൾ പറഞ്ഞ് ഇവരെ പറ്റിച്ചു.

തുടർന്ന് പറ്റിക്കപ്പെട്ടതായി മനസിലായ കുടുംബം കാട്ടാക്കട പോലീസിൽ പരാതി നൽകുകയായിരുന്നു. ദില്ലി എയർ പോർട്ടിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. ഇയാളെ ചോദ്യം ചെയ്ത് വരുന്നു.

# വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പൊതുതെളിവെടുപ്പ് 15 ന്

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആൻഡ് നെറ്റ് മീറ്ററിംഗ്) (രണ്ടാം ഭേദഗതി) റഗുലേഷൻസ്, 2024ന്റെ കരടിന്മേലുള്ള രണ്ടാം പൊതുതെളിവെടുപ്പ് മെയ് 15 ന് രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലത്തുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഹാളിൽ നടക്കും.

ഈ വിഷയത്തിൽ മാർച്ച് 20 നു നടത്തിയ പൊതുതെളിവെടുപ്പിൽ പങ്കെടുക്കാനും അഭിപ്രായം രേഖപ്പെടുത്താനും സാധിക്കാത്തവർക്ക് മെയ് 15 ലെ പൊതുതെളിവെടുപ്പിൽ അഭിപ്രായം രേഖപ്പെടുത്താം. മാർച്ച് 20നു നടന്ന പൊതുതെളിവെടുപ്പിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ അറിയിച്ചവരും താപാൽ/മെയിൽ മുഖാന്തിരം അഭിപ്രായം രേഖപ്പെടുത്തിയവരും മേയ് 15 ന് നടക്കുന്ന രണ്ടാം തെളിവെടുപ്പിൽ പങ്കെടുക്കേണ്ടതില്ല. പൊതുതെളിവെടുപ്പിൽ ഇതിനകം അഭിപ്രായം അറിയിച്ചിട്ടില്ലാത്ത പൊതുജനങ്ങൾക്കും മറ്റു താൽപര്യമുള്ള കക്ഷികൾക്കും 15ന് നേരിട്ട് പങ്കെടുത്ത് അഭിപ്രായങ്ങൾ സമർപ്പിക്കാം.

# 1.75 കോടിയുടെ സ്വർണക്കവർച്ച: അഞ്ചു പ്രതികൾ കസ്റ്റഡിയിൽ

മലപ്പുറം: മലപ്പുറം താനൂരിൽ മഹാരാഷ്ട്ര സ്വദേശിയായ യുവാവിനെ അക്രമിച്ച് 1.75 കോടി രൂപയുടെ സ്വർണം കവർന്ന സംഭവത്തിൽ പ്രതികൾ പിടിയിൽ. അഞ്ച് പേരാണ് പോലീസിൻറെ പിടിയിലായത്. ഇവരെ വിശദമായി ചോദ്യം ചെയ്തു വരികയാണ്. പ്രതികൾക്ക് സ്വർണം വിതരണം ചെയ്യുന്നയാളിൻറെ ഫോൺ നമ്പർ ലഭിച്ചത് എങ്ങനെയെന്നു കണ്ടെത്താനും ശ്രമം നടത്തുന്നുണ്ട്. ഏതെങ്കിലും ജ്വല്ലറിയുമായി ബന്ധപ്പെട്ടവർക്കു കവർച്ചയിൽ പങ്കുണ്ടോ എന്നതും പോലീസ് സംഘം അന്വേഷിക്കുന്നുണ്ട് . ഇതിനാൽ തന്നെ പിടിയിലാവരുടെ പേരു വിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല. കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വർണാഭരണ നിർമാണ ശാലയിൽ നിന്നു ജ്വല്ലറികളിലേക്ക് കൊണ്ട് വന്ന സ്വർണമാണ് പ്രതികൾ കവർന്നത്.

വ്യാഴാഴ്ച വൈകുന്നേരം നാലരയോടെയാണ് സംഭവം.

# തിരുവനന്തപുരം വിമാനത്താവളത്തിൽ 32.94 ലക്ഷം രൂപയുടെ സ്വർണം പിടികൂടി

വലിയതുറ: തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ കഴിഞ്ഞദിവസം എയർ കസ്റ്റംസ് ഇൻറലിജൻസ് വിഭാഗം അധികൃതർ നടത്തിയ പരിശോധനയിൽ രണ്ട് വ്യത്യസ്ഥ കേസുകളിലായി 32.94 ലക്ഷം രൂപയുടെ സ്വർണം പിടികൂടി.

ഒന്നാമത്തെ കേസിൽ ശനിയാഴ്ച ദമാമിൽനിന്നും എത്തിയ യാത്രക്കാരനിൽ നിന്നും 166.60 ഗ്രാം സ്വർണമാണ് പിടികൂടിയത്. ഇതിനു പൊതുവിപണിയിൽ 11.60 ലക്ഷം രൂപ വില മതിക്കുന്നു. രണ്ടാമത്തെ കേസിൽ ഞായറാഴ്ച ദമാമിൽ നിന്നും എത്തിയ യാത്രക്കാരനിൽ നിന്നും 307.99 ഗ്രാം സ്വർണമാണ് അധികൃതർ പിടിച്ചെടുത്തത്.

ഇതിന് പൊതു വിപണിയിൽ 21.34 ലക്ഷം രൂപ വിലമതിക്കുന്നു. അടിവസ്ത്രത്തിനുള്ളിൽ പ്രത്യേകം തയാറാക്കിയ പോക്കറ്റിനുള്ളിൽ ബിസ്കറ്റുകളായും നാണയങ്ങളായും ഒളിപ്പിച്ചായിരുന്നു സ്വർണം കൊണ്ടു വന്നത്. പിടിച്ചെടുത്ത സ്വർണം മുഴുവനും 24 കാരറ്റിൻറെ തനി തങ്കമായിരുന്നു. അധികൃതർക്ക് ലഭിച്ച രഹസ്യ വിവരത്തെതുടർന്നായിരുന്നു സ്വർണം പിടികൂടിയത്.

# സർട്ടിഫിക്കറ്റ് കോഴ്സ് പത്താമത് ബാച്ചിന്റെ രണ്ടാം ഘട്ട സമ്പർക്ക ക്ലാസ്

കേരള ലജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജ്യറിന്റെ പത്താമത് ബാച്ച് രണ്ടാം ഘട്ട സമ്പർക്ക ക്ലാസുകൾ മെയ് 11, 12 തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിലും മെയ് 18, 19 തീയതികളിൽ കോഴിക്കോട് നടക്കാവ് ജി.വി.എച്ച്.എസ് ഗേൾസ് സ്കൂളിലും മെയ് 25, 26 തീയതികളിൽ എറണാകുളം ഗവ.ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിലും രാവിലെ 9.30 മുതൽ വൈകിട്ട് 5.15 വരെ നടത്തും. കോഴ്സിന്റെ ഫീസ് അടച്ച് രേഖകൾ ഹാജരാക്കിയിട്ടുള്ള പഠിതാക്കൾക്ക് ക്ലാസിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് നിയമസഭയുടെ വെബ്സൈറ്റിൽ (www.niyamasabha.org) പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക. ഫോൺ: 04712512662/2453/2670.

# തൂതപ്പുഴയിൽ നീർനായ്ക്കൾ ഭീഷണിയാകുന്നു: ഒട്ടേറെ പേർക്കു കടിയേറ്റു

ആലിപ്പറമ്പ്: തൂതപ്പുഴയിൽ കുളിക്കാൻ എത്തുന്നവർക്ക് ഭീഷണിയായി നീർനായ്ക്കൾ. ഒരു മാസത്തിനിടെ 25 പേർക്കാണ് നീർനായ്ക്കളുടെ കടിയേറ്റത്. കഴിഞ്ഞ ദിവസം മൂന്നു പേർക്ക് കടിയേറ്റു. കൂമ്പംപാറ വെള്ളക്കടവിൽ കുളിക്കാനിറങ്ങിയ ഉള്ളോട്ടിൽ മിഥുൻ, മണ്ണാത്തിക്കടവ് പൂളിക്കുഴി കടവിൽ കുളിക്കാനിറങ്ങിയ കാമ്പുറം കോഴിഫാമിലെ രണ്ടു ഇതരസംസ്ഥാന തൊഴിലാളികൾ എന്നിവർക്കാണ് കടിയേറ്റത്.

കഴിഞ്ഞ ദിവസം കുന്താണിക്കുണ്ടിൽ കുളിക്കാനിറങ്ങിയ കെ. മുഹമ്മദ് ഫയാസിന് കടിയേറ്റു. തൃപ്പൂതാംപുഴ, കാളികടവ്, കുന്താണിക്കുണ്ട്, പുരണ്ടമണ്ണ, വെള്ളക്കടവ്, മണ്ണാത്തിക്കടവ്, പൂളിക്കുഴി, ആറാട്ടുകടവ് തുടങ്ങി എല്ലാ കടവുകളിലും നീർനായ്ക്കളുടെ ശല്യമുണ്ട്. പെരിന്തൽമണ്ണജില്ലാ ആശുപത്രി, ചെർപ്പുളശേരി ഗവൺമെൻറ് ആശുപത്രി എന്നിവിടങ്ങളിൽ നിന്നാണ് കടിയേറ്റവർ കുത്തിവയ്പ് എടുക്കുന്നത്.

ഗുരുതരമായി പരിക്കേറ്റവർ മഞ്ചേരി മെഡിക്കൽ കോളജാശുപത്രിയിൽ നിന്നും കുത്തിവയ്പെടുത്തു. പ്രളയത്തിനു ശേഷമാണ് പുഴയിൽ നീർനായ്ക്കളുടെ ശല്യം രൂക്ഷമായതെന്നു നാട്ടുകാർ പറയുന്നു.

# ബഡ്സ് സ്കൂളുകൾ: മാർഗ നിർദ്ദേശങ്ങളുടെ കരട് പ്രസിദ്ധീകരിച്ചു

രാജ്യത്ത് നടപ്പാക്കിയിട്ടുള്ള ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്കുള്ള മാർഗനിർദേശങ്ങളുടെ കരടും 4 ശതമാനം സംവരണം ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയിട്ടുള്ള തസ്തികകളുടെ പ്രവർത്തനപരവുമായ ആവശ്യകതൾ (Physical and Functionaltiy Assessment) പരിശോധിച്ച് തയ്യാറാക്കിയ കരട് ലിസ്റ്റും പൊതുജനങ്ങളുടെയും വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായത്തിനായി www.sjd.kerala.gov.in, www.nish.ac.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള ഏതൊരു അഭിപ്രായവും swdkerala@gmail.com, rpnish@nish.ac.in എന്നീ ഇമെയിൽ വിലാസങ്ങളിലോ RPwD Project Cell, Directorate of Social Justice, Vikas Bhavan, 5th Floor, PMG, Thiruvananthapuram - 691033 എന്ന പോസ്റ്റൽ വിലാസത്തിലോ മേയ് 21 ന് വൈകിട്ട് അഞ്ചു വരെ അറിയിക്കാം.

# ഗ്രോത്ത് പൾസ്: നിലവിലുള്ള സംരംഭകർക്കു പരിശീലനം

പ്രവർത്തന കാര്യക്ഷമത നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കെ.ഐ.ഇ.ഡി), ഗ്രോത്ത് പൾസ് എന്ന അഞ്ചു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മെയ് 14 മുതൽ 18 വരെ കളമശ്ശേരിയിലെ ക്യാമ്പസിലാണ് പരിശീലനം.

നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവൃത്തിപരിചയമുള്ള സംരംഭകർക്ക് പങ്കെടുക്കാം. 3,540 രൂപയാണ് ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് ഫീസ്. പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ www.kied.infot/ rainingcalender ൽ ഓൺലൈനായി മെയ് 10ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെട്ടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂട്ടതൽ വിവരങ്ങൾക്ക്: 0484 2532890/2550322/9188922800.

# ഉയർന്ന താപനില മുന്നറിയിപ്പ് മഞ്ഞ അലർട്ട്

മെയ് ഏഴുവരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, ആലപ്പുഴ, തൃശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും (സാധാരണയേക്കാൾ 24 ഡിഗ്രി സെൽഷ്യസ് കൂടുതൽ) ഉയരാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ മലയോര മേഖലകളിലൊഴികെ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഇന്ന് (മെയ് 6) ഉയർന്ന രാത്രി താപനില തുടരാൻ സാധ്യതയുണ്ട്.

# പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിങ് 8ന്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ മെയ് എട്ടിനു രാവിലെ 11ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, മെമ്പർമാരായ ഡോ. എ.വി. ജോർജ്, സുബൈദാ ഇസ്ഹാക്ക് തുടങ്ങിയവർ പങ്കെടുക്കും.

# കള്ളക്കടൽ പ്രതിഭാസം : ഓറഞ്ച് അലർട്ട്

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തെക്കൻ കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (INCOIS) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. തെക്കൻ കേരള തീരത്തും, കന്യാകുമാരി, തൂത്തുക്കുടി, തെക്കൻ തമിഴ്നാട് തീരത്തും തീരപ്രദേശത്തിന്റെ താഴ്ന്ന പ്രേദശങ്ങളിലും ഇന്ന് (മെയ് 6) രാത്രി 11.30 വരെ 0.5 മതുൽ 1.5 മീറ്റർ വരെ അതിതീവ്ര തിരമാലകൾ കാരണം ശക്തിയേറിയ കടലാക്രമണത്തിന് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

# വെയർഹൗസ് സുരക്ഷാ ജീവനക്കാരെ പുറത്താക്കിയതായി പരാതി

തിരുവനന്തപുരം: കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വിവിധ വെയർഹൗസുകളിലെ സുരക്ഷാ ജീവനക്കാരെ ജോലിയിൽ നിന്നു പുറത്താക്കിയതായി പരാതി. യാതൊരു മുന്നറിയിപ്പുമില്ലാതെയാണ് തൊഴിലാളികളെ പറഞ്ഞുവിട്ടതെന്നു വെയർഹൗസ് യൂണിയൻ സംയുക്ത സംഘം രക്ഷാധികാരി വർക്കല സജീവ് പത്രസമ്മേളനത്തിൽ അറിയിച്ചു. 25 വർഷത്തിലധികമായി ജോലി ചെയ്തിരുന്നവർക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അതുപോലും നഷ്ടമായ സ്ഥിതിയാണ്. വേതനം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളികളുടെ ഏജൻസി നൽകിയിട്ടുള്ള കേസിൽ മിനിമം വേതനം നൽകണമെന്നും മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും ഹൈക്കോടതി വിധി വന്നിട്ടുള്ളതാണ്. ഈ സാഹചര്യത്തിലാണ് ജീവനക്കാരെ പിരിച്ചുവിടുന്ന നടപടി ഉണ്ടായിട്ടുള്ളത്. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുത്തില്ലെങ്കിൽ കേരളത്തിലെ എല്ലാ വെയർഹൗസുകൾക്കു മുൻപിലും പ്രതിഷേധം സംഘടിപ്പിക്കാനാണ് യൂണിയൻറെ തീരുമാനം. രാജേഷ് നെടുമങ്ങാട്, സുരേഷ്കുമാർ, ഗിരീഷ്കുമാർ ബാലരാമപുരം തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# 46 പവൻ കവർന്ന ജ്വല്ലറി ജീവനക്കാരൻ പിടിയിൽ

കാട്ടാക്കട: പേയാട്ടെ ജ്വല്ലറിയിൽ നിന്നും 46 പവൻറെ സ്വർണാഭരങ്ങൾ മോഷ്ടിച്ച ജ്വല്ലറി ജീവനക്കാരനെ വിളപ്പിൽശാല പോലീസ് പിടികൂടി.

നടത്തറ, രുദ്രമാല ഭഗവതികുന്ന് ക്ഷേത്രത്തിന് സമീപം അയണിക്കുന്ന് വീട്ടിൽ കിരൺ (30 ) ആണ് അറസ്റ്റിലായത്. ആഭരണ നിർമാണത്തിലും രൂപകൽപ്പനയിലും വിദഗ്ധനാണ് ഇയാൾ ഇതേ ജ്വല്ലറിയിലെ ജീവനക്കാരനായിരുന്നു.

സിസിടിവി ദൃശ!്യങ്ങളുടെ സഹായത്തോടെയാണ് പ്രതിയെ പോലീസ് പിടികൂടിയത്. എന്നാൽ പ്രതിയിൽ നിന്നും മോഷ്ടിക്കപ്പെട്ട സ്വർണം കണ്ടെത്തിയിട്ടില്ല. പോലീസ് ഇൻസ്പെക്ടർ പി. രാജേഷിൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ഊട്ടിയിലേക്കുള്ള ഇപാസ് വിതരണം ഇന്നുമുതൽ

നിലമ്പൂർ: വേനലവധിക്കാലം തുടങ്ങിയതോടെ ഊട്ടി, കൊടൈക്കനാൽ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഇപാസ് വിതരണം ഇന്നു രാവിലെ ആറു മുതൽ തുടങ്ങുമെന്ന് നീലഗിരി ജില്ലാ കളക്ടർ ഇ. അരുണ അറിയിച്ചു. ഊട്ടിയിലേക്കുള്ള ഇപാസിന് നിബന്ധനകൾ ഉണ്ടായിരിക്കില്ല. ഓൺലൈൻ വഴി അപേക്ഷിക്കുന്നവർക്കെല്ലാം പാസ് നൽകാനാണു നിലവിലെ തീരുമാനം. ഇതിന് പ്രത്യേകം അപേക്ഷാഫീസ് ഏർപ്പെടുത്തില്ല. എന്നാൽ ഇപാസ് ഉള്ളവർക്കു മാത്രമേ ഊട്ടിയിലേക്ക് പ്രവേശിക്കാൻ കഴിയൂ.

നീലഗിരി ജില്ലയിലുള്ളവർക്ക് പാസിൻറെ ആവശ്യമില്ല. അതേസമയം തമിഴ്നാട്ടിലെ തന്നെ മറ്റു ജില്ലകളിൽനിന്നുള്ളവർക്കും മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്നവർക്കുമെല്ലാം ഇപാസ് നിർബന്ധമാണ്.

ഗൂഡല്ലൂർ, മസിനഗുഡി, കോത്തഗിരി, കൂനൂർ എന്നീ വഴികളിൽ കൂടിയാണ് ഊട്ടിയിലേക്ക് പ്രവേശനം. ഈ വഴികളിൽ ഏർപ്പെടുത്തിയിരിക്കുന്ന ചെക്ക് പോസ്റ്റുകളിൽ പാസുള്ളവരെ മാത്രമേ ഊട്ടിയിലേക്ക് കടത്തിവിടുകയുള്ളൂ. എത്ര വാഹനങ്ങൾ സീസൺ സമയത്ത് ഊട്ടിയിലേക്ക് വരുന്നുണ്ടെന്നും എത്രപേർ വീതം ഓരോ വാഹനത്തിലുമുണ്ടെന്നുമുള്ള കൃത്യമായ കണക്ക് ശേഖരിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യം.

പൊതുതാത്പര്യ ഹർജിയെത്തുടർന്നുള്ള വിധിയിലാണ് മദ്രാസ് ഹൈക്കോടതി ഇപാസ് നിർബന്ധമാക്കി ഉത്തരവിട്ടത്. നീലഗിരി, ഡിണ്ടിഗൽ ജില്ലാ കളക്ടർമാർക്കാണ് ഇപാസ് വിതരണം ചെയ്യുന്നതിൻറെ ചുമതല.

നിബന്ധനകളില്ലാതെ അപേക്ഷിക്കുന്നവർക്കെല്ലാം ഇപാസ് അനുവദിക്കുമെന്ന കളക്ടറുടെ അറിയിപ്പിനെത്തുടർന്ന് കേരളത്തിൽനിന്നടക്കമുള്ള ടൂറിസ്റ്റ് ഓപ്പറേറ്റർമാർ ആശ്വാസത്തിലാണ്. നേരത്തെ ടൂറിസ്റ്റ് പാക്കേജുകൾ ബുക്ക് ചെയ്തിരുന്നവർ ഇപാസ് നടപ്പാക്കുന്നതു സംബന്ധിച്ച് ആശയക്കുഴപ്പം നിലനിന്നിരുന്നു.

# ഇടുക്കിയിലെ ഭൂപ്രശ്നം: കരടു ചട്ടത്തിന് ജോയിൻറ് കമ്മീഷണറെ നിയമിച്ചു

തിരുവനന്തപുരം: ഇടുക്കിയിലെ ഭൂപ്രശ്നത്തിനു പരിഹാരം കാണാൻ നിയമസഭ പാസാക്കിയ ഭൂപതിവ് നിയമ ഭേദഗതി ബില്ലിന് കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി റവന്യു ജോയിൻറ് കമ്മീഷണറെ ചുമതലപ്പെടുത്തി. റവന്യു കമ്മീഷണറേറ്റിലെ ജോയിൻറ് കമ്മീഷണറുടെ നേതൃത്വത്തിൽ നിയമ ഓഫീസർ അടക്കമുള്ളവരാണ് ബില്ലിൻറെ കരടു ചട്ടം തയാറാക്കുക.

2019ലെ ഭൂപതിവു ഭേദഗതി ഉത്തരവിൻറെ അടിസ്ഥാനത്തിൽ കൃഷിക്കും താമസത്തിനുമായി പട്ടയം നൽകിയ ഭൂമി, ഇതര ആവശ്യങ്ങൾക്കായി വിനിയോഗിച്ചതു ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളാകും കരടു ചട്ടത്തിൽ വ്യക്തമാക്കുക.

15 സെൻറ് വരെയുള്ള ഭൂമിയാ കും ഇതര ആവശ്യങ്ങൾക്കായി ക്രമപ്പെടുത്താനാകുക.

1,500 ചതുരശ്ര അടിവരെയുള്ള കെട്ടിടങ്ങളും ക്രമപ്പെടുത്തുന്ന വിധത്തിലുള്ള വ്യവസ്ഥകളാകും കരടു ചട്ടത്തിൽ ഉൾപ്പെടുത്തുക. ഗവർണർ ഒപ്പിട്ടുവിട്ട ബിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി തെരഞ്ഞെടുപ്പു കമ്മീഷൻറെ അനുമതിക്കു വിട്ടു. കമ്മീഷൻറെ അനുമതി ലഭിച്ച ശേഷമാകും ഔദ്യോഗികമായി സമിതി പ്രഖ്യാപിക്കുക.

സമിതി നൽകുന്ന കരടു ചട്ട ഭേദഗതി സർക്കാർ പരിശോധിച്ച് സിപിഐയിലും എൽഡിഎഫിലും ചർച്ച ചെയ്തശേഷമാകും ഏതൊക്കെ ഭേദഗതി ആവശ്യമാണെന്ന കാര്യത്തിൽ തീരുമാനമെടുക്കുക. പിന്നീട് നിയമ റവന്യു വകുപ്പുകൾ പരിശോധിച്ച ശേഷം അനുമതിക്കായി മന്ത്രിസഭയുടെ മുന്നിലെത്തും. തുടർന്നാകും ഭേദഗതി നടപ്പിൽ വരിക. ഭൂപതിവ് നിയമ ഭേദഗതി കഴിഞ്ഞ സെപ്റ്റംബറിലാണ് നിയമസഭ പാസാക്കിയത്. ഇടുക്കിയിലെ കർഷകർക്ക് അടക്കം ഏറെ പ്രയോജനം ചെയ്യുന്നതാണ് ഭേദഗതി. 1960ലെ ഭൂപതിവു ചട്ടം അനുസരിച്ച് കൃഷിക്കും താമസത്തിനുമായായാണ് ഭൂമി പതിച്ചു നൽകിയത്.

എന്നാൽ, ഇത് മറ്റ് ജീവിതാവശ്യത്തിനുകൂടി വിനിയോഗിച്ചവർക്ക് ഭൂമി ക്രമപ്പെടുത്താൻ അനുമതി നൽകിയിരുന്നില്ല. പുതിയ നിയമം നിലവിൽ വരുന്നതോടെ മറ്റാവശ്യങ്ങൾക്കു വിനിയോഗിച്ച ഭൂമിയും ക്രമപ്പെടുത്താനാകും.

# കോടാലിയിൽ ഫ്യൂച്ചർ സ്കേപ്സ് വന്യജീവി ഫോട്ടോഗ്രഫി പ്രദർശനത്തിന് ഇന്ന് തുടക്കം

കോടാലി: വന്യജീവി ഫോട്ടോഗ്രഫിയിലെ ഇളംതലമുറക്കാരായ നിമയ് പ്രവീണും ഇഷാൻ മുരളിയും ചേർന്നൊരുക്കുന്ന ഫ്യൂച്ചർസ്കേപ്സ് വന്യജീവി ഫോട്ടോഗ്രഫി പ്രദർശനത്തിന് ഫോട്ടോമ്യൂസിൻറെ കോടാലിയിലുള്ള വിജയകുമാർ മേനോൻ മെമ്മോറിയൽ ഓപ്പൺ ആർട്ട് ഗാലറിയിൽ ഇന്നു വൈകീട്ട് 4.30നു തുടക്കമാകും. നിരവധി വന്യജീവി സങ്കേതങ്ങൾ സന്ദർശിക്കാൻ അവസരം കിട്ടിയിട്ടുള്ള നിമയ് പ്രവീണും ഇഷാൻ മുരളിയും പകർത്തിയ ചിത്രങ്ങളുടെ പ്രദർശനം 31 വരെ ഉണ്ടാകും.

പ്രശസ്ത വന്യജീവി ഫോട്ടോഗ്രഫറും ആർക്കിടെക്ടുമായ പ്രവീൺ മോഹൻദാസിൻറെയും ആർക്കിടെക്ട് വൈഷ്ണവി ചിത്തിരൈബാലൻറെയും മകനായ നിമയ് തൃശൂർ ഹരിശ്രീ വിദ്യാനിധി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിയാണ്.

വന്യജീവി ഫോട്ടോഗ്രഫറും ബിസിനസുകാരനുമായ മുരളി മോഹൻറെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥയും വന്യജീവി ഫോട്ടോഗ്രഫറുമായ മൃദുല മുരളിയുടെയും മകനായ ഇഷാൻ പൂച്ചട്ടി ഭാരതീയ വിദ്യാഭവൻ സ്കൂളിലെ ആറാംക്ലാസ് വിദ്യാർഥിയാണ്.

# ബസുകൾ സർവീസുകൾ നിർത്തിയതിനെതിരെ പ്രതിഷേധം ശക്തം

കാടുകുറ്റി: മാളയിൽനിന്നു സമ്പാളൂർ കാടുകുറ്റി വഴി ചാലക്കുടിയിലേക്കു പുലർച്ചെ സർവീസ് നടത്തിയിരുന്ന കെഎസ്ആർടിസി ബസ് നിർത്തിയതിനെതിരെ പ്രതിഷേധം ശക്തമാകുന്നു. രാവിലെ എറണാകുളത്തേയ്ക്കും തൃശൂർ ഭാഗത്തേയ്ക്കും ട്രെയിൻ യാത്രയെ ആശ്രയിക്കുന്നവർക്കു റെയിൽവേ സ്റ്റേഷനിലെത്താൻ സൗകര്യപ്രദമായിരുന്നു ഈ കെഎസ്ആർടിസി ബസ്.

കൂടാതെ കാടുകുറ്റിയിൽ നിന്നും കൊരട്ടി വഴി ചാലക്കുടിക്ക് 10ന് സർവീസ് നടത്തിയിരുന്ന സ്വകാര്യ ബസും അങ്കമാലിയിൽനിന്നു രാത്രി 8.15ന് കാടുകുറ്റിയിൽ അവസാനിക്കുന്ന സ്വകാര്യ ബസും നിലവിൽ സർവീസ് നടത്തുന്നില്ലെന്നും പരാതിയുണ്ട്. വിഷയത്തിൽ അധികൃതരും പഞ്ചായത്ത് ജനപ്രതിനിധികളും കാര്യക്ഷമമായി ഇടപെടണമെന്നാണു നാട്ടുകാരുടെ ആവശ്യം.

# കല്ലുകടിയോടെ തുടക്കം; തനിയെ തുറന്ന വാതിലുമായി നവകേരള ബസിൻെറ കന്നിയാത്ര

കോഴിക്കോട്: എൽഡിഎഫ് സർക്കാരിൻറെ നവകേരള യാത്രയ്ക്കായി ഉപയോഗിച്ച ആഡംബര ബസിൻറെ കന്നി ബംഗളൂരു യാത്രയിൽ കല്ലുകടി. ബസിൻറെ വാതിൽ തനിയെ തുറന്നതിനാൽ യാത്രക്കാരുടെ ബാഗുകളുടെ സഹായത്തോടെ വാതിൽ കെട്ടിവച്ചാണു കോഴിക്കോട്ടുനിന്നു ബസ് പുറപ്പെട്ടത്.

ഞായറാഴ്ച പുലർച്ചെ നാലിന് കോഴിക്കോട് കെഎസ്ആർടിസി സ്റ്റാൻഡിൽനിന്നു ബസ് യാത്ര തിരിക്കുമെന്നാണ് അധികൃതർ അറിയിച്ചത്. എന്നാൽ വാതിലിൻറെ തകരാർ മൂലം അരമണിക്കൂറോളം യാത്ര വൈകി.

അതിനിടെ, നവകേരള ബസിൻറെ വാതിലിനു മെക്കാനിക്കൽ തകരാറൊന്നും ഇല്ലായിരുന്നുവെന്നു ഗതാഗത മന്ത്രിയുടെ ഓഫീസ് പിന്നീട് അറിയിച്ചു. ബസിൻറെ വാതിലിൻറെ എമർജൻസി സ്വിച്ച് ആരോ അബദ്ധത്തിൽ അമർത്തിയതാണെന്നും ഇതോടെ വാതിലിൻറെ പ്രവർത്തനം മാറിയതാണെന്നുമാണു മന്ത്രിയുടെ ഓഫീസ് വിശദീകരിച്ചത്. നവകേരള ബസ് ബത്തേരി ഗാരേജിൽ കയറ്റി പ്രശ്നം പരിഹരിക്കുകയും ചെയ്തു.

ഗരുഡ പ്രീമിയം സർവീസായാണ് ബസ് സർവീസ് ആരംഭിച്ചത്. ബസിലെ 26 സീറ്റുകളും ആഴ്ചകൾക്കു മുന്പേ വിറ്റു തീർന്നിരുന്നു. ബുക്കിംഗ് തുടങ്ങി മണിക്കൂറുകൾക്കകം ആദ്യ സർവീസിൻറെ മുഴുവൻ ടിക്കറ്റുകളും വിറ്റുതീർന്നിരുന്നു. 1,171 രൂപയാണ് സെസ് അടക്കമുള്ള ടിക്കറ്റ് നിരക്ക്. എസി ബസുകൾക്കുള്ള അഞ്ച് ശതമാനം ആഡംബര നികുതിയും നൽകണം. പുലർച്ചെ നാലിന് കോഴിക്കോട്ടുനിന്നു പുറപ്പെട്ട് രാവിലെ 11.30ന് ബംഗളൂരുവിലെത്തുന്ന വിധമാണു ബസ് സർവീസ് ക്രമീകരിച്ചിരിക്കുന്നത്.

ഉച്ചയ്ക്ക് 2.30ന് ബംഗളൂരുവിൽനിന്നു പുറപ്പെട്ട് രാത്രി 10ന് കോഴിക്കോട്ടു തിരിച്ചെത്തും. മന്ത്രിമാർക്കു വേണ്ടി ഏർപ്പെടുത്തിയ ലിഫ്റ്റ്, ശുചിമുറി സൗകര്യങ്ങൾ ബസിൽ നിലനിർത്തിയിട്ടുണ്ട്. മന്ത്രിമാർ യാത്ര ചെയ്തപ്പോൾ ഉണ്ടായിരുന്ന സീറ്റുകൾ മാറ്റി പുതിയ പുഷ്ബാക്ക് സീറ്റാക്കി. മുഖ്യമന്ത്രി ഇരുന്ന കറങ്ങുന്ന സീറ്റ് ഒഴിവാക്കിയിട്ടുണ്ട്.

# ഹൃദ്രോഗം ചികിത്സിക്കാൻ സാമൂഹിക സുരക്ഷാ പദ്ധതികൾ അനിവാര്യം: കാർഡിയോളജിക്കൽ സൊസൈറ്റി

തിരുവനന്തപുരം: സംസ്ഥാനത്തെ ഹൃദ്രോഗ വിദഗ്ധരുടെ സംഘടനയായ കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരള ചാപ്റ്ററിൻറെ ത്രിദിന സമ്മേളനം ഹയാത്ത് റീജൻസിയിൽ ആരംഭിച്ചു.

ഹൃദ്രോഗ വ്യാപനവും, അവയുടെ സങ്കീർണമായ സ്വഭാവവും, പ്രതിരോധം, ചികിത്സ, നിയന്ത്രണം എന്നിവയ്ക്കുള്ള അത്യന്താധുനിക വൈദ്യശാസ്ത്ര സമീപനങ്ങളും ചർച്ച ചെയ്യുന്ന സമ്മേളനത്തിൻറെ ഉദ്ഘാടനം സിഎസ്ഐകെ പ്രസിഡൻറ് ഡോ. പി. ബി. ജയഗോപാൽ നിർവഹിച്ചു. ജന്മനായുള്ള ഹൃദയ വൈകല്യങ്ങളും ഹൃദ്രോഗങ്ങളും താരതമ്യേന അവഗണിക്കപെടുന്ന സാഹചര്യമുണ്ട്.

ഇത്തരം ഘടനാപരമായ അസാധാരണതകൾ പരിഹരിക്കുന്നതിന് സാധാരണക്കാരെ പ്രാപ്തമാക്കുന്ന സാമൂഹിക ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണമെന്ന് ഡോ. പി. ബി. ജയഗോപാൽ പറഞ്ഞു.

ഓർഗനൈസിംഗ് ചെയർമാൻ ഡോ. എൻ. പ്രതാപ് കുമാർ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. എസ്. പ്രവീൺ, സയൻറിഫിക് കമ്മിറ്റി ചെയർമാൻ ഡോ. കെ. ശിവപ്രസാദ്, ഡോ. എസ്. എം. അഷ്റഫ്, ഡോ. പി. രവീന്ദ്രൻ എന്നിവർ ഹൃദ്രോഗ ചികിത്സയിലെ വിവിധ ശാസ്ത്ര പുരോഗതികൾ വിശദീകരിച്ചു. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറിലധികം ഹൃദ്രോഗ വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു.

# കാന്തല്ലൂർ ടൂറിസം ഫെസ്റ്റ് ഏഴിന് ആരംഭിക്കും

മറയൂർ: ടൂറിസം വികസനത്തിനും അവധിക്കാലത്ത് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി കാന്തല്ലൂരിൽ ഏഴു മുതൽ 12 വരെ ടൂറിസം ഫെസ്റ്റ് സംഘടിപ്പിക്കും. കാന്തല്ലൂർ പഞ്ചായത്ത്, റിസോർട്ട് ആൻഡ് ഹോംസ്റ്റേ അസോസിയേഷൻ, ഡ്രൈവേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

ഫെസ്റ്റിൻറെ ഭാഗമായി മറയൂർ, ചിന്നാർ, മൂന്നാർ മേഖലകളിൽനിന്ന് പ്രത്യേക ടൂർ പാക്കേജും ഒരുക്കിയിട്ടുണ്ട്. കാന്തല്ലൂരിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, ശിലായുഗ കാഴ്ചകൾ, മുനിയറകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയവ സന്ദർശിക്കാനുള്ള അവസരവും ഇതിലൂടെ ലഭിക്കും. ഇതിനു പുറമേ ഭൗമസൂചിക പദവി നേടിയ മറയൂർ ശർക്കര, കാന്തല്ലൂർ വട്ടവട വെളുത്തുള്ളി, ശീതകാല പച്ചക്കറികൾ, ആപ്പിൾ, സ്ട്രോബറി, റാഗി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ വിളയുന്ന തോട്ടങ്ങളും കാണാനാകും.

കാർണിവൽ, അമ്യൂസ്മെൻറ് പാർക്ക്, ചലച്ചിത്ര താരങ്ങൾ ഒരുക്കുന്ന മെഗാഷോ, ഫ്ളവർ ഷോ എന്നിവയും ഫെസ്റ്റിൻറെ ഭാഗമായി നടക്കും. സംസ്ഥാന ഉത്തരവാദിത്വ ടൂറിസം മിഷൻറെ സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സ്ട്രീറ്റ് ടൂറിസം പദ്ധതി വിജയകരമായി നടപ്പാക്കിയ കാന്തല്ലൂർ ഗ്രാമത്തിന് മികച്ച ഗ്രാമീണ ടൂറിസം പദ്ധതി വിഭാഗത്തിൽ കേന്ദ്രസർക്കാരിൻറെ ഗോൾഡ് അവാർഡ് ലഭിച്ചിരുന്നു.

# രാത്രിയിൽ കരടിയുടെ മുന്നിൽപ്പെട്ട കർഷകൻ അദ്ഭുകരമായി രക്ഷപ്പെട്ടു

വണ്ടിപ്പെരിയാർ: രാത്രിയിൽ കരടിയുടെ മുന്നിൽപ്പെട്ട കർഷകൻ അദ്ഭുകരമായി രക്ഷപ്പെട്ടു. വള്ളക്കടവ് കുന്നത്തുപതിയിൽ വീട്ടിൽ സിബിയാണ് കരടിയുടെ മുന്നിൽനിന്ന് രക്ഷപ്പെട്ടത്. വ്യാഴാഴ്ച രാതി 9.30ഓടെ വണ്ടിപ്പെരിയാർവള്ളക്കടവ് റോഡിൽ അമ്പലപ്പടിക്ക് സമീപമായിരുന്നു സംഭവം.

രാത്രി വളർത്തുനായ്ക്കൾ കുരയ്ക്കുന്നതുകേട്ട് ടോർച്ചുമായി മെയിൻ റോഡിലേക്ക് ഇറങ്ങിയപ്പോൾ റോഡരികിൽ നിന്നിരുന്ന കരടി സിബി യുടെ നേരേ പാഞ്ഞടുക്കുകയായിരുന്നു.

സിബിയുടെ കൈയിലുണ്ടായിരുന്ന ടോർച്ച് കരടിയുടെ മുഖത്തേക്ക് തെളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തതോടെ കരടി റോഡിൽനിന്നു പെരിയാർ നദിയുടെ ഭാഗത്തേക്ക് ഓടിമറയുകയായിരുന്നു.

കഴിഞ്ഞ കുറെ നാളുകളായി ഈ പ്രദേശത്ത് രാത്രികാലങ്ങളിൽ കരടിയുടെ ഒച്ച കേൾക്കുന്നുണ്ടെന്ന് പ്രദേശവാസികൾ പറയുന്നു. സമീപ പ്രദേശങ്ങളിലെ പറമ്പിലെ മരത്തിൻറെ ചുവട്ടിൽ കരടി മാന്തി തേൻ ഭക്ഷിച്ചിരുന്നതായും സിബി പറയുന്നു.

# പിരിവ് നൽകാത്തതിൻറെ പേരിൽ യുവാവിനു മർദനം

വിഴിഞ്ഞം: പിരിവ് നൽകാത്തതിൻറെ പേരിൽ യുവാവിനെ ആക്രമിച്ചതായി പരാതി. കണ്ടാലറിയാവുന്ന ഒരാൾക്കെതിരേ വിഴിഞ്ഞം പോലീസ് കേസെടുത്തു. കുളത്തൂർ ഉച്ചക്കട പഴവഞ്ചാലയിൽ വാടകയ്ക്ക് താമസിക്കുന്ന നിയാസ് (24)നെതിരേയായിരുന്നു ആക്രമണം. വെളിയാഴ്ച രാത്രി വിഴിഞ്ഞത്തിന് സമീപമായിരുന്നു സംഭവം. ഗാനമേളകൾക്ക് സൗണ്ട് സിസ്റ്റം ഒരുക്കുന്ന നിയാസും സുഹൃത്ത് സാജിദും ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയതായിരുന്നു.

ഇതിനിടയിൽ സ്കൂട്ടറിൽ എത്തിയ യുവാവ് പണം ആവശ്യപ്പെട്ട് സമീപിച്ചു. പണമില്ലെന്ന് അറിയിച്ചതിൽ പ്രകോപിതനായ യുവാവ് നിയാസിനെ മർദ്ദിക്കുകയും കല്ല് കൊണ്ട് തലക്കടിച്ചതായും പരാതിയിൽ പറയുന്നു. തടയാൻ ശ്രമിച്ച സുഹൃത്തിനെയും അക്രമി ഭീഷണിപ്പെടുത്തി. ശബ്ദം കേട്ട് നാട്ടുകാർ ഓടിക്കൂടുന്നതിനിടയിൽ യുവാവ് രക്ഷപ്പെട്ടു. പരിക്കേറ്റ നിയാസ് വിഴിഞ്ഞം സർക്കാർ ആശുപത്രിയിലും അവിടെ നിന്ന് മെഡിക്കൽ കോളജിലും ചികിത്സ തേടി. പ്രതിക്കായി പോലീസ് അന്വേഷണമാരംഭിച്ചു.

# തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സ്

എൽ.ബി.എസ്. സെൻറർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ തിരുവനന്തപുരം ഹെഡ് ഓഫീസിൽ മെയ് 13ന് ആരംഭിക്കുന്ന ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിന് എസ്.എസ്.എൽ.സി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. മെയ് 12 വരെ www.lbscetnre.kerala.gov.in മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 04712560333, 9995005055.

# പിടിച്ചെടുത്ത വാഹനം ഹാജരാക്കാൻ കാലതാമസം വരുത്തി: എസ്ഐക്കെതിരേ നടപടി വേണം: മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: കഴക്കൂട്ടം എസ്ഐക്കെതിരേ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. പോലീസ് കൈകാണിച്ചപ്പോൾ ഇരുചക്രവാഹനം നിർത്താത്തതിൻറെ പേരിൽ പിടിച്ചെടുത്ത വാഹനം കോടതിയിൽ ഹാജരാക്കുന്നതിന് 13 ദിവസത്തെ കാലതാമസം വരുത്തിയതിനാലാണ് എസ്ഐ ജിനുവിൻറെ പേരിൽ അനുയോജ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ആക്റ്റിംഗ് ചെയർപേഴ്സണും ജൂഡീഷൽ അംഗവുമായ കെ. ബൈജൂനാഥ് ഉത്തരവിട്ടത്.

വാഹനത്തിന് തേഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്തതു കാരണമാണ് വാഹനം നിർത്താത്തതെന്ന് കഴക്കൂട്ടം അസിസ്റ്റൻറ് കമ്മീഷണർ കമ്മീഷനെ അറിയിച്ചു. എന്നാൽ നിയമ ലംഘനത്തിന് കേസ് രജിസ്റ്റർ ചെയ്ത ശേഷം വാഹനം വിട്ടു നൽകേണ്ടതായിരുന്നുവെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. പോലീസ് പിടിച്ചെടുത്ത വാഹനം പരാതിക്കാരന് തിരികെ കിട്ടുന്നത് 45 ദിവസങ്ങൾക്ക് ശേഷമാണ്.

പരാതിക്കാരനെ മനപൂർവം ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശം എസ്ഐ ക്കുണ്ടായിരുന്നതായി സംശയിക്കേണ്ടി വരുമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

ചെമ്പഴന്തി ഉഴിയാഴത്തുറ സ്വദേശി സി. പരമേശ്വരൻ നായർ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. മനുഷ്യാവകാശ കമ്മീഷൻറെ അന്വേഷണ വിഭാഗം പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നു. 2022 ഓഗസ്റ്റ് 17 നാണ് പരാതിക്ക് ആസ്പദമായ സംഭവം നടന്നത്.

# കുന്നിടിച്ച് നിരത്തുന്നതിനിടെ ലോറികളും ഹിറ്റാച്ചിയും പിടികൂടി

വെള്ളറട: അനധികൃതമായി കുന്നിടിച്ച് നിരത്തുന്നതിനിടെ ചുരുളിയിൽ രണ്ട് ടോറസ് ലോറികളും ഒരു ഹിറ്റാച്ചിയും പിടികൂടി. ലോറികളും ഹിറ്റാച്ചിയും പിടിച്ചെടുക്കാനുള്ള ശ്രമത്തിനിടെ മാഫിയ സംഘം പോലീസിനെവിരട്ടി ലോറികളുമായി കടക്കാനുള്ള ശ്രമം നടത്തിയെങ്കിലും തടഞ്ഞു. സർക്കിൾ ഇൻസ്പെക്ടർ ബാബുക്കുറപ്പ്, എസ് ഐ മാരായ സുജിത്ത് ജി നായർ, ശശികുമാർ, പോലീസുകാരായ അജി, ജയ ദാസ് സജിൻ അടങ്ങിയ പോലീസ് സംഘമാണ് വാഹനങ്ങൾ പിടികൂടിയത്.

ഒരു ഇടവേളയ്ക്ക് ശേഷമാണ് മാഫിയ സംഘം വീണ്ടും മലയോര മേഖലയിൽ ശക്തിപ്രാപിച്ചത്. വലിയ ഹിറ്റാച്ചിയും ടെറസ് ലോറികളും ഉപയോഗിച്ച് മണിക്കൂറുകൾകൊണ്ട് ഒരു കുന്ന് ഇടിച്ച് മണ്ണ് പൂർണമായും കടത്തുന്ന സംവിധാനമാണ് മാഫിയ സംഘം വച്ചുപുലർത്തുന്നത്. പിടികൂടിയ വാഹനങ്ങൾ മൈനിംഗ് ആൻഡ് ജിയോളജിക്ക് കൈമാറുമെന്ന് വെള്ളറട പോലീസ് പറഞ്ഞു.

# തൃക്കാരിയൂർ ആരോഗ്യ ഉപകേന്ദ്ര മന്ദിരം നിർമാണം നിലച്ചിട്ട് വർഷം നാലായി

കോതമംഗലം: തൃക്കാരിയൂർ ആരോഗ്യ ഉപകേന്ദ്ര മന്ദിരം നിർമാണം നിലച്ചിട്ട് നാല് വർഷം പിന്നിട്ടു. തൃക്കാരിയൂരിലെ ആരോഗ്യ ഉപകേന്ദ്രത്തിൻറെ പഴയ കെട്ടിടം പൊളിച്ചുനീക്കിയാണ് പുതിയ കെട്ടിടം നിർമിച്ചു തുടങ്ങിയത്. എംഎൽഎ ഫണ്ടിൽ നിന്ന് 40 ലക്ഷമാണ് കെട്ടിട നിർമാണത്തിനായി അനുവദിച്ചത്. കെട്ടിടത്തിൻറെ നിർമാണം അവസാനഘട്ടത്തിൽ നിലച്ചു. തുക തികയാതെ വന്നതാണ് കാരണം. മിനുക്കുപണികൾ ഉൾപ്പടെയാണ് അവശേഷിക്കുന്നത്. നാല് വർഷം കഴിഞ്ഞിട്ടും നിർമാണം പുനരാരംഭിക്കുന്നതിൽ തീരുമാനമായിട്ടില്ല.

കെട്ടിടം നോക്കുകുത്തിയായി തുടരുകയാണ്. കെട്ടിട നിർമാണം ആരംഭിച്ചതോടെ ആരോഗ്യ ഉപകേന്ദ്രം പ്രവർത്തനം നിർത്തിവച്ചിരുന്നു. പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെട്ടിരുന്ന സ്ഥാപനത്തിൻറെ പ്രവർത്തനമാണ് വർഷങ്ങളായി നിലച്ചത്. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കുമുള്ള വാക്സിനേഷൻ ഉൾപ്പടെ മറ്റിടങ്ങളിലാണ് ഇപ്പോൾ ക്രമീകരിക്കുന്നത്. ആരോഗ്യ ഉപകേന്ദ്രത്തിൻറെ പ്രവർത്തനം പുനാരംഭിക്കണമെന്നും കെട്ടിട നിർമാണം പൂർത്തീകരിക്കണമെന്നുമാണ് ജനങ്ങളുടെ ആവശ്യം.

# വിവാഹവാഗ്ദാനം നൽകി പീഡനം; യുവാവ് അറസ്റ്റിൽ

പത്തനംതിട്ട: വീട്ടിൽ അതിക്രമിച്ചുകയറി ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തി മാനഭംഗപ്പെടുത്തുകയും വിവാഹവാഗ്ദാനം നൽകിയശേഷം പിന്നീട് പലതവണ പീഡിപ്പിക്കുകയും ചെയ്ത കേസിൽ യുവാവ് അറസ്റ്റിൽ.

കൊല്ലം വടക്കൻ മൈനാഗപ്പള്ളി രാജാസുധ വീട്ടിൽ മിഥുൻ രാജാണ് (28) കൊടുമൺ പോലീസിൻറെ പിടിയിലായത്. 2021 മേയിലാണ് വീട്ടിൽ അതിക്രമിച്ചുകയറി ഇയാൾ യുവതിയെ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തി പീഡിപ്പിച്ചത്. തുടർന്ന് ജൂലൈയിൽ സൂര്യനെല്ലിയിലെ റിസോർട്ടിലെത്തിച്ചും പീഡിപ്പിച്ചു.

കഴിഞ്ഞ ദിവസം യുവതി കൊടുമൺ സ്റ്റേഷനിലെത്തി മൊഴി നൽകിയതിനെത്തുടർന്ന് കേസെടുത്ത് അന്വേഷണം ആരംഭിച്ച പോലീസ്, രാത്രിയിൽ തന്നെ മിഥുൻ രാജിനെ വീടിനു സമീപത്തുനിന്നും കസ്റ്റഡിയിലെടുക്കുകയായിരുന്നു.

വിശദമായ ചോദ്യം ചെയ്യലിൽ കുറ്റം സമ്മതിച്ചതിനേതുടർന്ന് അറസ്റ്റ് രേഖപ്പെടുത്തി. യുവതിയെ മെഡിക്കൽ പരിശോധനയ്ക്കു വിധേയയാക്കി. കോടതി മൊഴി രേഖപ്പെടുത്തുകയും ചെയ്തു. വൈദ്യ പരിശോധനയ്ക്കു ശേഷം കോടതിയിൽ ഹാജരാക്കിയ മിഥുൻരാജിനെ റിമാൻഡ് ചെയ്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കോഴിക്കൂടുകൾ കാലിയായി, 100 കോഴികളും ചത്തു

കുമരകം: അന്തരീക്ഷ താപനിലയിലുണ്ടായ മാറ്റം മൂലം ഫിലിപ്പ് വി. കുര്യൻറെ കോഴികൾ പൂർണമായി ചത്തൊടുങ്ങി. ഇതോടെ കോഴിവളർത്തലിനായി നിർമിച്ച രണ്ട് കൂടുകളും കാലിയായി. കുടുംബം പുലർത്താൻ പലതരം കൃഷികൾ നടത്തി വിജയം കൈവരിച്ച ഫിലിപ്പ് വി. കുര്യന് കുമരകം പഞ്ചായത്തിലെ മികച്ച കർഷകനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

പക്ഷേ ഒന്നരവർഷം മുമ്പ് തുടങ്ങിയ കോഴിക്കൃഷിയിൽ കർഷകൻ പരാജയപ്പെടുകയായിരുന്നു. പലതരം കൃഷികൾ സീസൺ അനുസരിച്ച് വിജയകരമായി നടത്തിവന്നിരുന്നതിനാലാണ് പഞ്ചായത്തും ഇടവകപ്പള്ളിയും മികച്ച കർഷകനുള്ള പുരസ്കാരം നൽകി ആദരിച്ചത്.

ഒരാഴ്ച മുമ്പാണ് കോഴികൾ ചാകാൻ തുടങ്ങിയത്. ആദ്യദിവസം 10 കോഴികളും അടുത്തദിവസം 30 കാോഴികളും ചത്തു. തൊട്ടടുത്ത ദിവസം 40 കോഴികളാണ് കൂട്ടത്തോടെ ചത്തുവീണത്. പിന്നീട് രണ്ടു ദിവസങ്ങളിലായി ബാക്കി കോഴികളും ചത്തതോടെ ആകെ ഉണ്ടായിരുന്ന 100 കോഴികളിൽ ഒന്നും പോലും അവശേഷിച്ചിട്ടില്ല.

തൻറെ രണ്ട് വലിയ കൂടുകളിലായിയാണ് 100 കോഴികളെയും വളർത്തിയിരുന്നത്. അന്തരീക്ഷത്തിലെ വലിയ ചൂട് സഹിക്കാനാകാത്തതാണ് കോഴികൾ കൂട്ടത്തോടെ ചാകാൻ കാരണമെന്നാണ് കർഷകനും മൃഗസംരക്ഷണ വകുപ്പും പറയുന്നത്. ചത്ത അഞ്ചു കോഴികളെ പരിശോധിച്ച ശേഷമാണ് പക്ഷിപ്പനിയല്ല കോഴികൾ ചത്തതിൻറെ കാരണമെന്നു മൃഗസംരക്ഷണ വകുപ്പ് സ്ഥിരീകരിച്ചത്.

130 രൂപ വീതം നൽകി വാങ്ങിയതാണ് കോഴികൾ. കഴിഞ്ഞദിവസം വരെ നിത്യേന 55 മുട്ടകൾ വീതം ലഭിച്ചു വന്നിരുന്നതായി ഗൃഹനാഥ മേഴ്സി ദീപികയോട് പറഞ്ഞു.

കോഴികൾ ചത്തതു മൂലം പാവപ്പെട്ട കുടുംബത്തിനുണ്ടായിരിക്കുന്ന നഷ്ടം പരിഹരിക്കാൻ മൃഗസംരക്ഷണ വകുപ്പ് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമുയർന്നിട്ടുണ്ട്.

# മുളക്കുളം പഞ്ചായത്തിൻെറ കംഫർട്ട് സ്റ്റേഷനിൽ വെള്ളമില്ല

പെരുവ: മുളക്കുളം പഞ്ചായത്തിൻറെ കംഫർട്ട് സ്റ്റേഷനിൽ വെള്ളമില്ല. പഞ്ചായത്തിൻറെ കംഫർട്ട് സ്റ്റേഷൻ കരാറിനെടുത്ത് പ്രവർത്തിപ്പിക്കുന്ന അംഗപരിമിതനായ നിർധന വയോധികൻ പണം കൊടുത്ത് വെള്ളം വാങ്ങിയാണ് ദിവസങ്ങളായി കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നത്. നാലു ദിവസങ്ങളായി ഇവിടെ വെള്ളമെത്തിയിട്ട്. പലതവണ അധികൃതരെ വിവരമറിയിച്ചിട്ടും പ്രശ്നപരിഹാരത്തിന് നടപടികളില്ലെന്നാണ് ആക്ഷേപം.

ദിവസം 350 രൂപ വീതം നൽകി രണ്ടു ലോഡ് വെള്ളമിറക്കിയാണ് ഇദ്ദേഹം ഇപ്പോൾ കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നത്. ഇത്തരത്തിൽ പണം നൽകി വെള്ളം വാങ്ങി മുന്നോട്ടു പോകാനാവില്ലെന്ന് ഇദ്ദേഹം പറയുന്നു. കംഫർട്ട് സ്റ്റേഷനിലേക്കുള്ള പൈപ്പു പൊട്ടി ദിവസങ്ങളായി ഇവിടെ വെള്ളം ഒഴുകി പാഴാകുകയായിരുന്നു. പലതവണ അറിയിച്ചതിനെത്തുടർന്ന് കഴിഞ്ഞദിവസം തൊഴിലാളികളെത്തി പൈപ്പിൻറെ ചോർച്ച പരിഹരിച്ചു മടങ്ങി. എന്നാൽ ഇതിനുശേഷവും കംഫർട്ട് സ്റ്റേഷനിലേക്കു വെള്ളമെത്തിയില്ല.

കുന്നപ്പള്ളി മടത്തേട്ട് കോളനിയിലെ താമസക്കാരനായ അപ്പച്ചനാണ് പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ കരാറിനെടുത്ത് പ്രവർത്തിച്ചുവരുന്നത്. അംഗപരിമിതനായ അപ്പച്ചൻ 80 ശതമാനം കാഴ്ചയില്ലാത്ത വ്യക്തിയുമാണ്. 10, 000 രൂപ മുളക്കുളം പഞ്ചായത്തിൽ സെക്യൂരിറ്റിയായി കെട്ടിവച്ചാണ് പെരുവയിലെ കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കുവാൻ പഞ്ചായത്തുമായി കരാർ വച്ചത്. രണ്ടുമാസം കൂടുമ്പോൾ വെള്ളക്കരം ഏകദേശം 1,200 രൂപയും വൈദ്യുതി ബിൽ 450 രൂപയുമാണ് കംഫർട്ട് സ്റ്റേഷൻ അടച്ചുകൊണ്ടിരിക്കുന്നതെന്ന് അപ്പച്ചൻ പറയുന്നു.

മോൻസ് ജോസഫ് എംഎൽഎയുടെ ഫണ്ടുപയോഗിച്ചാണ് പെരുവയിൽ കംഫർട്ട് സ്റ്റേഷന് പുതിയ കെട്ടിടം പൂർത്തിയാക്കിയത്. കെട്ടിടത്തിൻറെ നിർമാണം പൂർത്തിയായി രണ്ടുവർഷത്തോളം കഴിഞ്ഞാണ് ഇതിൻറെ പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞത്. വൈദ്യുതി, വെള്ളകണക്ഷനുകൾ എടുക്കാൻ വൈകിയതാണ് കംഫർട്ട് സ്റ്റേഷൻറെ പ്രവർത്തമാരംഭിക്കൽ വൈകാനിടയാക്കിയത്.

വിവാദങ്ങൾക്കൊടുവിൽ രണ്ട് കണക്ഷനുകളും എടുത്ത് കംഫർട്ട് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുകയായിരുന്നു. മുമ്പ് കംഫർട്ട് സ്റ്റേഷൻറെ വാട്ടർ കണക്ഷൻറെ മീറ്റർ മോഷണം പോയ സംഭവവും ഇവിടെയുണ്ടായിരുന്നു. ഉദ്യോഗസ്ഥരുടെയും അധികാരികളുടെയും അശ്രദ്ധയും ഉത്തരവാദിത്വമില്ലായ്മയും നിർധന വയോധികൻറെ ജീവിതം വഴിമുട്ടിയ നിലയിലാക്കിയിരിക്കുകയാണ്.

## നഗരമധ്യത്തിൽ കുപ്പത്തൊട്ടി

ഏറ്റുമാനൂർ: നഗരസഭാ കാര്യാലയത്തിൻറെ മൂക്കിനു താഴെ നഗരസഭ വക സ്ഥലത്ത് നഗരസഭ തന്നെ രൂപപ്പെടുത്തിയ കുപ്പത്തൊട്ടി. സമ്പൂർണ മാലിന്യ മുക്ത നിയോജക മണ്ഡലമാക്കാനുള്ള തീവ്രയത്നം നടത്തി വെറും ആറു മാസം പിന്നിടുമ്പോഴാണ് നഗരസഭ വക സ്ഥലത്ത് മാലിന്യക്കൂമ്പാരം. മുമ്പ് മുനിസിപ്പൽ ബസ് സ്റ്റാൻഡിലേക്ക് ബസുകൾ പ്രവേശിച്ചിരുന്ന വഴി ഉൾപ്പെടെയുള്ള 60 സെൻറോളം സ്ഥലം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്നതിനു വേണ്ടി അടച്ചുകെട്ടിയിരുന്നു. എന്നാൽ സാങ്കേതിക പ്രശ്നങ്ങൾ മൂലം ഷോപ്പിംഗ് കോംപ്ലക്സിൻറെ നിർമാണം സ്തംഭിച്ചു.

വർഷങ്ങളായി വെറുതെ കിടക്കുന്ന ഈ സ്ഥലം കാടുകയറിയ നിലയിലായിരുന്നു. ഈ സ്ഥലത്ത് നഗരസഭ ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഖര മാലിന്യങ്ങൾ വൻതോതിൽ തള്ളിയത് വിവാദമായിരുന്നു. ദീപിക ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ വാർത്ത വന്നതിനെത്തുടർന്ന് കാട് വെട്ടിത്തെളിച്ചു. എന്നാൽ, ഇവിടെ വൻതോതിലുള്ള മാലിന്യ നിക്ഷേപം തുടരുകയാണ്. പരിഷ്കൃത സമൂഹത്തിന് യോജിക്കാത്ത വിധം ഇങ്ങനെ മാലിന്യ നിക്ഷേപം നടത്തുന്നത് നഗരസഭയ്ക്ക് കളങ്കമാകുകയാണ്. എത്രയും വേഗം മാലിന്യങ്ങൾ ഇവിടെനിന്ന് നീക്കം ചെയ്യണമെന്ന ആവശ്യം ശക്തമാണ്.

## പെരുമ്പനച്ചിപുന്നക്കുന്ന് റോഡിൽ മുല്ലശേരി ഭാഗത്ത് പുതിയ പാലം നിർമിക്കണം

മാടപ്പള്ളി: മാടപ്പള്ളി പഞ്ചായത്തിലെ 17ാം വാർഡിലെ പെരുമ്പനച്ചി പഴയപോസ്റ്റ് ഓഫീസ് പടിപുന്നക്കുന്ന് റോഡിൽ മുല്ലശേരി ഭാഗത്തെ പാലം അപകട ഭീഷണിയിൽ. പാലത്തിന് അടിയിൽ വാർക്കകമ്പികൾ തെളിഞ്ഞ് തുരുമ്പെത്തു ജീർണിച്ച നിലയിലാണ്.

ഒരു വർഷം മുമ്പ് ഈ പാലത്തിൻറെ അപ്രോച്ചിൽ ഗർത്തം രൂപപ്പെട്ടിരുന്നു. അന്ന് കോൺക്രീറ്റിട്ട് അന്ന് ഗർത്തം താത്കാലികമായി നികത്തിയിരുന്നു. ഇപ്പോൾ വീണ്ടും ഈ പാലം അപകടഭീഷണിയിലാണെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു. സ്കൂൾ വാഹനങ്ങൾ ഉൾപ്പെടെ നിരവധി വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡിലെ പാലമാണ് അപകടാവസ്ഥയിലായിരിക്കുന്നത്. ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പഴയപാലം പൊളിച്ചുനീക്കി പുതിയ പാലം നിർമിക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് അധികൃതർക്കു നിവേദനം സമർപ്പിക്കുമെന്ന് യൂത്ത് കോൺഗ്രസ് ചങ്ങനാശേരി ബ്ലോക്ക് ജനറൽ സെക്രട്ടറി ടോണി കുട്ടംപേരൂർ പറഞ്ഞു.

## ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം തടസപ്പെടും

ചങ്ങനാശേരി: കല്ലിശേരി ജലശുദ്ധീകരണശാലയിൽ പമ്പിംഗ് മെയിനിൽ തകരാർ. ചങ്ങനാശേരിയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം തടസപ്പെടും. കല്ലിശേരി ജല ശുദ്ധീകരണശാലയിൽനിന്ന് ചങ്ങനാശേരിയിലേക്കുള്ള പമ്പിംഗ് മെയിനിലെ വാൽവിനാണ് തകരാർ സംഭവിച്ചത്.

അറ്റകുറ്റപ്പണികൾ ഇന്നാരംഭിക്കുമെന്നാണ് വാട്ടർ അഥോറിറ്റി അധികൃതർ ചൂണ്ടിക്കാട്ടുന്നത്. ഇതുമൂലം കുറിച്ചി പഞ്ചായത്ത്, തുരുത്തി, പൂവം, ചങ്ങനാശേരി മലേക്കുന്ന് ടാങ്കിൻറെ സമീപ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇന്നു മുതൽ രണ്ട് ദിവസം ജലവിതരണം പൂർണമായും മുടങ്ങും.

ചങ്ങനാശേരി നഗരസഭ, വാഴപ്പള്ളി, തൃക്കൊടിത്താനം, പായിപ്പാട് പഞ്ചായത്തുകളിൽ ജലവിതരണത്തിന് ഭാഗിക നിയന്ത്രണം ഉണ്ടാകുമെന്നും വാട്ടർ അഥോറിറ്റി അധികൃതർ അറിയിച്ചു. ഉപഭോക്താക്കൾ ആവശ്യമായ മുൻകരുതലെടുക്കണമെന്നും അധികൃതർ കൂട്ടിച്ചേർത്തു.

തിരുവല്ലയിൽ മോട്ടോർ തകരാറിനെത്തുടർന്ന് കഴിഞ്ഞമാസം ഒന്നര ആഴ്ചക്കാലം ചങ്ങനാശേരി നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം മുടങ്ങിയിരുന്നു. കൊടിയ വേനൽക്കാലത്ത് ശുദ്ധജലവിതരണം തടസപ്പെടുന്നത് പൈപ്പുജലത്തെ മാത്രം ആശ്രയിക്കുന്ന ചങ്ങനാശേരി നഗരവാസികൾക്ക് വലിയ ദുരിതത്തിനു കാരണമാകുന്നുണ്ട്.

## സൗത്ത് പാമ്പാടിയിൽ വൈദ്യുതി മുടക്കം പതിവായി; കെഎസ്ഇബി ഓഫീസിൽ വിളിച്ചാൽ പ്രതികരണമില്ല

മീനടം: ആകാശമൊന്നു കറുത്താൽ സൗത്ത് പാമ്പാടിയിലുള്ളവർക്കു ആശങ്കയാണ് നിമിഷങ്ങൾക്കകം വൈദ്യുതി മുടങ്ങും. പിന്നെ മീനടം കെഎസ്ഇബി ഓഫീസിലേക്ക് ഫോൺ വിളികളുടെ പ്രവാഹമാണ്. ബെല്ലടിക്കുന്നതല്ലാതെ പ്രതികരണമുണ്ടാകാറില്ല.

മീനടം, മോസ്കോ, വത്തിക്കാൻ ട്രാൻസ്ഫോമർ പരിധിയിലെ ഉപഭോക്താക്കളാണ് മഴക്കാറു കാണുമ്പോഴേ ഇരുട്ടിലാകുന്നത്. പിന്നെ രണ്ടുമൂന്നു മണിക്കൂർ വെളിച്ചത്തിനായി കാത്തിരിക്കണം.

വേനൽച്ചൂട് കടുത്തതോടെ അല്പസമയം പോലും ഫാനില്ലാതെ കഴിയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് നാട്ടുകാർക്ക് മണിക്കൂറുകൾ നീളുന്ന ഈ ദുരിതം അനുഭവിക്കേണ്ടിവരുന്നത്. അധികൃതർ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമായി.

## വേനൽ മഴയിൽ ചിറ്റാർ പുഴ കൂടുതൽ മലിനമായി

കാഞ്ഞിരപ്പള്ളി: വേനൽ മഴയിൽ മാലിന്യം ഒഴുകിയെത്തി ചിറ്റാർ പുഴ കൂടുതൽ മലിനമായി. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ ഓടകളിലും കൈത്തോടുകളിലും കെട്ടിക്കിടന്ന മാലിന്യമാണ് ചിറ്റാർ പുഴയിലേക്ക് ഒഴുകിയെത്തിയത്.

പേട്ടക്കവലയിലെ പാലത്തിന് കീഴിലും സമീപത്തും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുകയാണ്.

മണിമലറോഡിൽ നിന്നുള്ള മാലിന്യ തള്ളലും യഥേഷ്ടം നടക്കുന്നുണ്ട്. ഇതോടെ ഒഴുക്ക് നിലച്ച് കിടക്കുന്ന പുഴയിലെ വെള്ളം കൂടുതൽ മലിനമായിരിക്കുകയാണ്. മലിനജലത്തിൽ നിന്നു ദുർഗന്ധവും വമിക്കുന്നുണ്ട്. ചാക്കിലും പ്ലാസ്റ്റിക് കൂടുകളിലും കെട്ടി ഓടകളിലും കൈത്തോടുകളിലും തള്ളിയിരുന്ന മാലിന്യങ്ങൾ ഒഴുകിയെത്താൻ പോകുന്നത് മണിമലയാറ്റിലേക്കാണ്.

ഇതൊടൊപ്പം കുടിവെള്ള പദ്ധതികളുടെ കിണറിനോട് ചേർന്നുള്ള തടയണകളിലും മാലിന്യം അടിഞ്ഞുകൂടിയ നിലയിലാണ്.

വർഷങ്ങളായി ടൗണിലെ മാലിന്യങ്ങൾ മുഴുവൻ പേറുന്നതു ചിറ്റാർ പുഴയാണ്. പുഴയിലേക്കും കൈത്തോടുകളിലേക്കും മാലിന്യങ്ങൾ തള്ളുന്നത് പഞ്ചായത്ത് കർശനമായി നിരോധിച്ചിരുന്നുവെങ്കിലും ഇത് പാലിക്കപ്പെടുന്നില്ല. വൻ തോതിൽ മാലിന്യം കൂടിക്കിടക്കുന്നത് പകർച്ച വ്യാധികൾക്കും കാരണമാകുമെന്ന് അധികൃതർ തന്നെ പറയുന്പോഴും ഇതിനെതിരേ നടപടിയെടുക്കാൻ ഉദ്യോഗസ്ഥർ തയാറാകുന്നില്ലെന്ന ആരോപണം ശക്തമായിരിക്കുകയാണ്.

മാലിന്യം തള്ളുന്നവർക്കെതിരേ അധികൃതർ കർശന നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ശക്തമായിരിക്കുകയാണ്.

## ലോക്സഭാ തെരഞ്ഞെടുപ്പ് വിലയിരുത്തൽ; ഡിസിസി നേതൃയോഗം നാളെ

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പ് വിലയിരുത്തലിനായി കെപിസിസി നിർദേശപ്രകാരം ജില്ലാ കോൺഗ്രസ് കമ്മിറ്റി നേതൃയോഗം നാളെ ഉച്ച കഴിഞ്ഞ് രണ്ടിന് പത്തനംതിട്ട രാജീവ് ഭവനിൽ ചേരും. പ്രസിഡൻറ് പ്രഫ. സതീഷ് കൊച്ചുപറമ്പിലിൻറെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കെപിസിസി രാഷ്ട്രീയകാര്യസമിതി അംഗം പ്രഫ. പി. ജെ. കുര്യൻ, ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണി, കെപിസിസി ജനറൽ സെക്രട്ടറിമാരായ എം. എം. നസീർ, പഴകുളം മധു തുടങ്ങിയവർ പങ്കെടുക്കും.

പത്തനംതിട്ട ലോക്സഭാ മണ്ഡലം തെരഞ്ഞെടുപ്പിലെ ബൂത്തുകളിൽനിന്നുള്ള പോളിംഗ് വിശദാംശങ്ങൾ, പോളിംഗ് ശതമാനം കുറയാനുണ്ടായ സാഹചര്യങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്യും.

മുതിർന്ന നേതാക്കൾ, ജില്ലയിൽനിന്നുള്ള കെപിസിസി സെക്രട്ടറിമാർ, കെപിസിസി അംഗങ്ങൾ, ബ്ലോക്ക് പ്രസിഡൻറുമാർ എന്നിവർ നേതൃയോഗത്തിൽ പങ്കെടുക്കുമെന്ന് ജനറൽ സെക്രട്ടറി സാമുവേൽ കിഴക്കുപുറം അറിയിച്ചു.

നേതൃയോഗത്തിനുശേഷം ബ്ലോക്ക്, മണ്ഡലം കോൺഗ്രസ് കമ്മിറ്റികൾ വിളിച്ചു ചേർത്ത് ബൂത്തുതലത്തിൽ വോട്ട് ചെയ്യാത്തവരുടെ കണക്കെടുപ്പ് നടത്താൻ കെപിസിസി നിർദേശം നൽകിയിട്ടുണ്ട്.

# ഇഴപിരിഞ്ഞു കയർമേഖല; വഴിമുട്ടി വനിതാ തൊഴിലാളികൾ

കോട്ടയം: ദിവസം നൂറോ നൂറ്റിയൻപതോ രൂപമാത്രം കൂലി. അതാവട്ടെ ആറു മാസമായി കുടിശികയും. വൈക്കം തീരമേഖലയിൽ ഇതോടെ കയർ നിർമാണം നിശ്ചലമാവുകയാണ്. ഇഴയുന്ന കയർവ്യവസായത്തെയും വഴിമുട്ടിയ തൊഴിലാളികളെയും കൈപിടിച്ചുയർത്താൻ സർക്കാരിനും യൂണിയനുകൾക്കും സാധിക്കുന്നില്ല.

പരമ്പരാഗത രീതിയിൽ തൊണ്ട് ചീയിച്ച് തല്ലി ചകിരിയെടുക്കേണ്ടതില്ല. തമിഴ്നാട്ടിൽനിന്നുൾപ്പടെ എത്തിക്കുന്ന ചകിരി കയർ സംഘങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കും. റാട്ട് തിരിച്ച് കൈയിൽ കയർ പിരിച്ചുണ്ടാക്കുന്ന രീതിയും അസ്തമിച്ചു. ഇക്കാലത്ത് വീടുകളോടു ചേർന്ന് സ്ത്രീ തൊഴിലാളികൾ യന്ത്രസഹായത്താൽ കയറുണ്ടാക്കുകയാണ്. പല തരത്തിലും കനത്തിലും നീളത്തിലുമുള്ള കയർ പിരിച്ച് തൊഴിലാളികൾ തിരികെ സംഘത്തിലെത്തിൽ കൊടുക്കും.

ചകിരി നൽകിയതിൻറെ വില കുറച്ചാണ് തൊഴിലാളികൾക്ക് കൂലി ലഭിക്കുക. വിദേശത്തും വടക്കേ ഇന്ത്യയിലും കയറിന് പ്രിയം കൂടുമ്പോഴും കേരളത്തിൽ കയറിന് വിപണി ഇടിയുകയാണ്. കഴിഞ്ഞ ഒക്ടോബറിൽ കയർ സൊസൈറ്റിയിൽ കൊടുത്ത കയറിന് ഇപ്പോഴും പണം ലഭിക്കാത്തവരാണ് ടിവി പുരം, തലയാഴം, ചെമ്പ്, ചെമ്മനാകരി തുടങ്ങി തീരഗ്രാമങ്ങളിലെ തൊഴിലാളികൾ. കയർ പിരിച്ച് ജീവിതത്തിൻറെ ഇഴയടുപ്പിക്കാൻ ഈ തലമുറയിലൊരാൾക്കും സാധിക്കില്ല. നാൽപതു വയസിൽ താഴെ പ്രായമുള്ളവരാരും ഈ തൊഴിലിടത്തിലില്ല. കോവിഡിനുശേഷം കയർ നിർമാണവും വിപണനവും അന്യം നിൽക്കുകയാണ്. പുതിയ വീടുകളിലും സ്ഥാപനങ്ങളിലും കയർ ഉത്പന്നങ്ങൾക്ക് പ്രിയം കുറഞ്ഞതിനാൽ സംഘങ്ങളിൽ കയർ വൻതോതിൽ കെട്ടിക്കിടക്കുന്നു. സർക്കാർ ഫണ്ട് അനുവദിക്കാത്തതിനാൽ ചെറിയ സാമ്പത്തിക ആശ്വാസം പോലും ലഭിക്കുന്നില്ല.

മാത്രവുമല്ല സാമ്പത്തിക ക്ലേശം മൂലം കയർ സംഘങ്ങൾ മിക്കതും അടച്ചുപൂട്ടൽ ഭീഷണിയിലുമാണ്. വൈക്കം മേഖയിൽ പതിനയ്യായിരത്തോളം വനിതകളാണ് കയറിനെ കൈവിട്ട് തൊഴിലുറപ്പ് ജോലിയിലേക്കു മാറാൻ നിർബന്ധിതരായിരിക്കുന്നത്. ജില്ലയിലെ ഏറ്റവും പരമ്പരാഗത തൊഴിലാണ് കയർ പിരിക്കൽ.

# മുണ്ടയ്ക്കലിൽ പുതിയ പാലം; 8.44 കോടി രൂപ അനുവദിച്ചു: എം. നൗഷാദ് എംഎൽഎ

കൊല്ലം: മുണ്ടയ്ക്കൽ കൊണ്ടേത്ത് പാലം പൊളിച്ചുപണിയാൻ ധനവകുപ്പ് 8.44 കോടി രൂപ അനുവദിച്ചതായി എം. നൗഷാദ് എംഎൽഎ അറിയിച്ചു. അരനൂറ്റാണ്ടിലേറെ പഴക്കമുള്ള കേടുപാടുകളുള്ള ഒറ്റവരിപ്പാലം പൊളിച്ച് രണ്ടുവരിപ്പാലം പണിയണമെന്ന നഗരവാസികളുടെ ചിരകാലാഭിലാഷമാണ് ഇതിലൂടെ യാഥാർഥ്യമാകുന്നത്. തെരെഞ്ഞെടുപ്പുകാലത്ത് എൽഡിഎഫ് മുന്നോട്ടുവച്ച ഒരു വാഗ്ദാനംകൂടി പാലിയ്ക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

തൻറെ ആവശ്യപ്രകാരം 2019 ലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണിത്. 2021 ൽ പാലം പൊളിച്ചുപണിയാൻ 5.5 കോടി രൂപ അനുവദിച്ച് ഭരണാനുമതിയായിരുന്നു. എന്നാൽ സംസ്ഥാനജലപാതയായ ടി എസ് കനാലിന് കുറുകെയുള്ള പാലമായതിനാൽ അതിനനുയോജ്യമായ സാങ്കേതികമികവുണ്ടാകണമെന്ന തൻറെ അഭ്യർഥന പരിഗണിച്ച് തയാറാക്കിയ പുതുക്കിയ അടങ്കലിൽ നിർമാണച്ചെലവ് ഉയരുമെന്ന് തിട്ടപ്പെടുത്തിയതിനെത്തുടർന്നാണ് ഇപ്പോൾ ഭരണാനുമതി പുതുക്കി 8.44 കോടി രൂപ അനുവദിച്ചത്.

മുണ്ടയ്ക്കൽ തീരപ്രദേശത്തെ പുറംലോകവുമായി ബന്ധപ്പെടുത്തുന്ന ഏക പാലമാണിത്. അമ്പതുവർഷം മുമ്പ് നിർമിച്ച ഒറ്റവരിപ്പാലത്തിലൂടെ ഒരേ സമയം കഷ്ടിച്ച് ഒരു വാഹനം മാത്രമേ കടന്നുപോകുകയുള്ളു.

വലിയ ഭാരവാഹനങ്ങൾ പാലത്തിലൂടെ കടത്തിവിടുന്നത് വെല്ലുവിളിയാണ്. സുനാമി ദുരന്തം ഉണ്ടായതിനെത്തുടർന്നാണ് നിലവിലുള്ള പാലം പൊളിച്ച് വലിയ പാലം പണിയണമെന്ന ആവശ്യം പ്രദേശവാസികൾ ഉയർത്തിത്തുടങ്ങിയത്.

സംസ്ഥാന ജലപാതയ്ക്ക് കുറുകെയുള്ള പാലമായതിനാൽ പുതിയ രണ്ടുവരിപ്പാലത്തിന് കനാലിലൂടെ വലിയ യാനങ്ങൾക്ക് കടന്നുപോകാൻ കഴിയുംവിധം ആവശ്യമായ ഉയരവുമുണ്ടാകും. ദേശീയപാതയെയും നിർദ്ദിഷ്ട തീരദേശ ഹൈവേയെയും ബന്ധിപ്പിയ്ക്കുന്ന പാലംകൂടിയാണിത്. പുതിയ പാലം വരുന്നതോടെ മുണ്ടയ്ക്കൽ തീരദേശ മേഖലയുടെ വികസന സാധ്യതകളാണ് വർധിക്കുന്നത്.

കോളജ് ജംഗ്ഷൻ, പോളയത്തോട് റെയിൽവേ മേൽപ്പാലങ്ങളും മുണ്ടക്കൽ കച്ചിക്കടവ് പാലവും യാഥാർഥ്യമാകുന്നതിന് പിന്നാലെയാണ് കൊണ്ടേത്ത് പാലം പൊളിച്ചുപണിയണമെന്ന മുണ്ടയ്ക്കൽ നിവാസികളുടെ ആവശ്യവും സഫലീകരിയ്ക്കപ്പെടുന്നത്. കോളജ് ജംഗ്ഷൻ, പോളയത്തോട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലേക്ക് നീങ്ങുകയാണ്.

പോളയത്തോട് മേൽപ്പാലനിർമാണത്തിന് സ്ഥലമെടുപ്പിന് ഉൾപ്പെടെ 30. 44 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. മുണ്ടയ്ക്കൽ കച്ചിക്കടവിൽ പുതിയ പാലം നിർമിയ്ക്കാൻ 7.95 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലമേറ്റെടുക്കന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരികയാണ്.

മുണ്ടയ്ക്കൽ കൊണ്ടേത്ത് പാലം നിർമാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 8.44 കോടി രൂപയ്ക്ക് ഭരണാനുമതിലഭിച്ച സാഹചര്യത്തിൽ നിർവഹണ ഏജൻസിയായ പൊതുമരാമത്ത് പാലം വിഭാഗം ഉടൻ ടെൻഡർ നടപടികളിലേക്ക് കടക്കുമെന്ന് നൗഷാദ് അറിയിച്ചു.

## ഏറത്ത് പുലിക്കുന്നിൽ കിണറ്റിൽ വീണയാളെ രക്ഷിക്കാനുള്ള ശ്രമത്തിൽ നാലുപേർകൂടി കിണറ്റിൽ വീണു

അടൂർ: വെള്ളം കൊരുന്നതിനടയിൽ തൊട്ടിയും കയറും കിണറ്റിൽ പോയത് എടുക്കാനിറങ്ങിയ ആൾ കിണറ്റിൽ വീണു. വീണ ആളിനെ രക്ഷിക്കാനിറങ്ങിയവരും കിണറ്റിൽ അകപ്പെട്ടു. സംഭവം കണ്ടുനിന്ന യുവതി കുഴഞ്ഞുവീണു. ഏറത്ത് കൈതമുക്കിൽ കോട്ടക്കാട്ടുകുഴിയിൽ വീട്ടിൽ രാജു (55) തൊട്ടടുത്ത വീട്ടിലെ കിണർ വൃത്തിയാക്കിയ ശേഷം സ്വന്തം വീട്ടിലെത്തി കുളിക്കുന്നതിനായി വെള്ളം കോരുന്നതിനിടയിലാണ് തൊട്ടിയും കയറും കൈയിൽനിന്നു വഴുതി കിണറ്റിൽ പോയത്. അത് എടുക്കുന്നതിനു കിണറ്റിലേക്കു ഇറങ്ങുന്നതിനിടെ കാൽവഴുതി കിണറ്റിൽ വീണു. ഇന്നലെ രാവിലെ 9.30 ഓടെയാണ് രാജു കിണറ്റിലേക്കു വീണത്. രാജുവിനെ രക്ഷിക്കാനായി സമീപവാസികളായ കൊച്ചുമോൻ (45), അജി (35), സുനിൽ (30), അനൂപ് (25) എന്നിവർ ഓരോരുത്തരായി കിണറ്റിലേക്ക് ഇറങ്ങാൻ ശ്രമിക്കുന്നതിനിടെ വഴുതിവീണു. ഓടിക്കൂടിയ നാട്ടുകാർ കിണറ്റിൽ അകപ്പെട്ട ആളുകളെ കരയ്ക്കുനിന്നും കയറിൻറെ സഹായത്തോടെ പുറത്തെടുത്ത് അടൂർ ജനറൽ ആശുപത്രിയിൽ എത്തിച്ചു. ഫയർഫോഴ്സും സ്ഥലത്തെത്തിയിരുന്നു. സംഭവം കണ്ടു നിന്ന സമീപവാസിയായ സുനിത (36) കുഴഞ്ഞുവീണു. ഇവരെയും പിന്നീട് ആശുപത്രിയിലാക്കി. കിണറ്റിനുള്ളിൽ ശുദ്ധവായുവിൻറെ കുറവു കാരണമാണ് താഴേക്കിറങ്ങിയവർ കുഴഞ്ഞുവീഴാൻ കാരണമെന്നു കരുതുന്നതായി ഫയർഫോഴ്സ് സംഘം വിലയിരുത്തി.